# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02** **ജൂൺ–2011** **ലക്കം 06**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# മാനന്തവാടി രൂപതയുടെ
# പ്രാർത്ഥനാമംഗളങ്ങൾ



സീറോമലബാർ സഭയുടെ

മേജർ ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട

## അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്

മാനന്തവാടി രൂപതയുടെ പ്രാർത്ഥനാശംസകൾ

| | | |
|---|---|---|
| ജനനം | : | 1945 ഏപ്രിൽ 19 |
| പൗരോഹിത്യം | : | 1972 ഡിസംബർ 18 |
| മെത്രാഭിഷേകം | : | 1997 ഫെബ്രുവരി 2 |
| മേജർ ആർച്ച്ബിഷപ്പ് | : | 2011 മെയ് 26 |

# ഉള്ളടക്കം


സർക്കുലർ .................................................... 03
സർക്കുലർ - ബൈബിൾ ഞായർ .............................. 08
രൂപതാകച്ചേരി വാർത്തകൾ .................................... 13
രൂപതാദിനം 2011 - റിപ്പോർട്ട് .................................. 18
മതബോധനരംഗം .......................................... 21
ബൈബിൾ അപ്പോസ്റ്റലേറ്റ് ....................................... 25
ചെറുപുഷ്പമിഷൻലീഗ് ............................................ 29
കെ. സി. വൈ. എം. .................................................. 38
കുടുംബപ്രേഷിതത്വം .................................................. 47
സിയോൻ വാർത്തകൾ .............................................. 50
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 53
ജെയിൽ മിനിസ്ട്രി ................................................ 57
സാമൂഹ്യസേവനരംഗം ................................................ 58
Mary Matha Arts and Science College ............................ 63
അറിയിപ്പുകൾ .......................................................... 65
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 67
ബിഷപ്സ് പ്രോഗ്രാം .......................................... 68

# സർക്കുലർ

***Circular Letter No. 4/2011***
***Prot. No.11065/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, മതബോധനാധ്യാപകരേ, പ്രിയപ്പെട്ട കുട്ടികളേ,

പുതിയ വിശ്വാസ പരിശീലനവർഷം നമ്മൾ മെയ് 29-ന് ആരംഭിച്ചല്ലോ. മദ്ധ്യവേനൽ അവധികഴിഞ്ഞ് സ്കൂളുകളും തുറന്നു കഴിഞ്ഞു. മാതാപിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും എല്ലാം വളരെ തിരക്കേറിയ ദിവസങ്ങളാണ് കടന്നു പോകുന്നത്. തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കിട്ടിയില്ലെങ്കിൽ അവരുടെ ഭാവി ഇരുളടഞ്ഞതാകും എന്ന ഉത്തമബോധ്യം മാതാപിതാക്കൾക്കുണ്ട്. അതിനാൽ അതിന് വേണ്ടി എത്രമാത്രം പണം ചെലവാക്കാനും അവർ തയ്യാറാകുന്നു. എന്നാൽ ഭൗതികവിദ്യാഭ്യാസംകൊണ്ട് മാത്രം മക്കൾക്ക് നല്ല ഭാവി ഉണ്ടാകണമെന്നില്ല. സൗകര്യപ്രദമായതും ഉയർന്ന ശമ്പളമുള്ളതുമായ ജോലി കിട്ടാൻ അത് സഹായിച്ചേക്കാം. അതിനപ്പുറം അവർക്ക് മൂല്യബോധം കൊടുക്കാനോ ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ അതിജീവിയ്ക്കാനോ അത് സഹായകമായെന്ന് വരില്ല. തങ്ങൾ ഉദ്ദേശിച്ചതരത്തിലുള്ള ജോലി കിട്ടാതെ വരുന്നതും ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കുന്നതുമെല്ലാം സർവ്വസാധാരണമാണ്. മത്സരാധിഷ്ഠിതമായ ഇന്നത്തെ സമൂഹത്തിൽ അതിന് സാധ്യത ഏറെയുമാണ്. അതുപോലെ തന്നെ സ്വന്തം മാതാപിതാക്കളോടും സമൂഹത്തോടും നാടിനോടുമെല്ലാം ബാധ്യതകൾ ഉള്ളവരാണ് തങ്ങളെന്ന അവബോധവും ബോധ്യവും മക്കൾക്ക് എന്നത്തേക്കാളേറെ ഇന്ന് കിട്ടേണ്ടതുമുണ്ട്. ഇവയൊന്നും ഇന്നത്തെ രീതിയിലുള്ള കേവലം ഭൗതികവിദ്യാഭ്യാസം കൊണ്ട് കിട്ടണമെന്നില്ല. കുട്ടികളെ കിട്ടാനും, വിജയശതമാനം കൂട്ടാനുമുള്ള വ്യഗ്രതയിൽ ഇളം തലമുറയ്ക്ക് ഇത്തരം മൂല്യങ്ങൾ പറഞ്ഞു കൊടുക്കാൻ സ്ഥാപനനടത്തിപ്പുകാർ തയ്യാറായെന്നും വരില്ല.

ഈ പശ്ചാത്തലത്തിലാണ് വിശ്വാസപരിശീലനത്തിന്റെ ആവശ്യകത കടന്നു വരുന്നത്. ക്രൈസ്തവ മതബോധനത്തിന് അഥവാ വിശ്വാസപരിശീലനത്തിന് മുൻപത്തേക്കാളേറെ ഇന്ന് പ്രാധാന്യവും പ്രസക്തിയുമുണ്ട്. മുൻകാലങ്ങളിൽ വിശ്വാസമൂല്യങ്ങൾ മക്കൾക്ക് പകർന്ന് കൊടുക്കാൻ മാതാപിതാക്കൾ ഉത്സുകരായിരുന്നു എന്ന് മാത്രമല്ല അവർക്കതിന് ധാരാളം സമയവുമുണ്ടായിരുന്നു. ഈ രണ്ട് കാര്യങ്ങളും ഇന്ന് കുറവാണ് എന്ന് നമുക്കറിയാം. അതിനാൽത്തന്നെ ഇടവകയിലെ വിശ്വാസപരിശീലനത്തിന് പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. ദൈവവിശ്വാസവും മൂല്യബോധവും ഇല്ലാത്ത ഒരു തലമുറ സമൂഹത്തിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാണ് എന്ന കാര്യത്തിൽ സംശയമില്ല. പല അനുഭവങ്ങളും അതാണ് നമ്മെ പഠിപ്പിക്കുന്നത്. കമ്മ്യൂണിസം നിലവിലിരുന്ന മുൻകിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി മൂല്യങ്ങൾക്ക് വിലകൽപ്പിക്കാത്ത ആളുകളാണ് എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ദൈവവും ഈ ലോകത്തിനപ്പുറം ഉണ്ടെന്ന് നാം വിശ്വസിക്കുന്ന മരണാനന്തരജീവിതവും എല്ലാം കേവലം കെട്ടുകഥകളാണ് എന്ന് വന്നു കഴിയുമ്പോൾ ഈ ലോകത്തിൽ തന്നെ ഏതു മാർഗ്ഗം സ്വീകരിച്ചും സുഖം നേടുക എന്ന ചിന്തയിൽ മനുഷ്യൻ എത്തുക സ്വാഭാവികം മാത്രം. അവിടെ അപരൻ അവഗണിക്കപ്പെടുന്നതും സ്വാഭാവികം.

ഭൗതികവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നതുപോലെ തന്നെയോ അതിലും പ്രാധാന്യം കൊടുത്തുകൊണ്ടോ വിശ്വാസപരിശീലനക്ലാസ്സുകളുടെ കാര്യത്തിലും നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ നമ്മുടെ രൂപതയിൽ വിശ്വാസപരിശീലന യത്നത്തിൽ ആത്മാർത്ഥമായി പങ്കുചേരുന്ന രൂപതാനേതൃത്വത്തേയും ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും കൊച്ചച്ചന്മാരേയും സമർപ്പിതരേയും മതാധ്യാപകരേയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുകയും അഭിനന്ദനങ്ങൾ നേരുകയും ചെയ്യുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദൈവം തന്നെ ഫലമുളവാക്കട്ടെ. ഈ മഹത്തായ സംരംഭത്തിനായി നിങ്ങൾ ചെലവഴിക്കുന്ന സമയവും ഉർജ്ജവും പണവും ഒരിക്കലും പാഴായിപ്പോകാൻ ദൈവം അനുവദിക്കുകയില്ല. ഭാവിസമൂഹത്തിന്റെ ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള വലിയൊരു നിക്ഷേപമാണത്. വിശ്വാസപരിശീലനരംഗത്ത് നമ്മുടെ രൂപത പല പുതിയ ചുവടുവയ്പ്പുകളും നടത്തിയിട്ടുണ്ട്. അവ മറ്റുള്ളവരുടെ മുക്തകണ്ഠം പ്രശംസയ്ക്ക് പാത്രീഭൂതമായിട്ടുമുണ്ട്.

നമ്മൾ ഏറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അവ നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത് സംബന്ധമായി ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. തങ്ങളുടെ മക്കൾ ഇടവകയിലെയും സ്കൂളിലേയും വിശ്വാസ പരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുന്നുണ്ട് എന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം എന്നതാണ് അതിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളത്. അതിന്റെ പ്രാധാന്യം കുറച്ചു കാണിക്കുന്ന മനോഭാവമോ വാക്കുകളോ പ്രവൃത്തികളോ നിങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകാതെ സൂക്ഷിക്കണം. ട്യൂഷനും എൻട്രൻസ് കോച്ചിംഗിനും കൊടുക്കുന്നതിലും പ്രാധാന്യം വിശ്വാസപരിശീലനക്ലാസ്സുകൾക്ക് കൊടുക്കണം. വേദപാഠത്തിന് പോകണ്ടയെന്നും അതുകൊണ്ട് ജോലിയൊന്നും കിട്ടില്ല എന്നും പറഞ്ഞ് കുട്ടികളെ ട്യൂഷനും കോച്ചിംഗിനും പറഞ്ഞുവിടുന്ന മാതാപിതാക്കൾ ഭാവിയിൽ ദു:ഖിക്കേണ്ടിവരും. കാരണം അതുപോലെ തന്നെ അപ്രധാനവും ഉപയോഗശൂന്യവുമായ ഒരു വസ്തുവായി മാത്രമേ മാതാപിതാക്കളേയും അവർ കാണുകയുള്ളൂ.

ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സമർപ്പിതരും മതാധ്യാപകരും കൈക്കാരന്മാരും  കുട്ടികളുടെ വിശ്വാസ പരിശീലനക്ലാസുകൾ യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും അതിൽ സമ്പൂർണ്ണസഹകരണം കൊടുക്കുകയും വേണം. അതിനുവേണ്ടി ചെലവാക്കുന്ന പണവും സമയവും ഊർജ്ജവും ഒരിക്കലും പാഴായിപ്പോകുന്നില്ല എന്ന കാര്യം നാം വിസ്മരിക്കരുത്. കുട്ടികൾക്കുള്ള വി.കുർബാന സാധിക്കുന്നിടത്തോളം 10 മണിയ്ക്ക് ആരംഭിക്കുകയാണെങ്കിൽ ഏകദേശം ഒന്നര മണിക്കൂർ സമയം വേദപാഠത്തിനായി ലഭിക്കും. അത് കിട്ടുന്നുണ്ടെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഉറപ്പു വരുത്തണം എന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ മതബോധനക്ലാസ്സുകൾക്കായുള്ള സമയം അതിനു മാത്രമായി ഉപയോഗിക്കുകയും വേണം. അങ്ങനെ ചെയ്യുകയാണെങ്കിൽ പാഠ്യഭാഗങ്ങൾ യഥാസമയം തീർക്കാൻ കഴിയും. മൂന്നും നാലും ആഴ്ചകളിൽ തുടർച്ചയായി വേദപാഠക്ലാസ്സുകൾ മുടങ്ങിയ ചില ഇടവകകളുടെ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനിയും ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇടവകയിലെ എല്ലാ കുട്ടികളും നിർബന്ധമായും പന്ത്രണ്ടാം ക്ലാസ്സുൾപ്പെടെ പാസ്സാകണം എന്ന ഒരു നിർബന്ധബുദ്ധി എല്ലാവർക്കും ഉണ്ടാകണം. സംഘടനാപ്രവർത്തനങ്ങൾക്ക് മുതിർന്ന കുട്ടികൾ പോകേ

ണ്ടതാണെങ്കിലും അത് വേദപാഠക്ലാസ്സുകൾ ബലി കഴിച്ചുകൊണ്ടാകാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. മാത്രമല്ല വിശ്വാസപരിശീലനം എന്നത് യുവജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനപട്ടികയിൽ ഒന്നാം സ്ഥാനത്ത് വരുകയും വേണം.

നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വചനഡയറി കൃത്യമായി പൂരിപ്പിക്കാനുള്ള ഉത്സാഹം കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാകണം. അത് കുട്ടികൾക്ക് മാത്രമല്ല മാതാപിതാക്കൾക്കും ഉപകാരപ്രദമാകും. നമ്മുടെ രൂപതയിൽ മാത്രം അവതരിപ്പിച്ച ഒരു നൂതനസംരംഭമാണത്. അത് വളരെയേറെ ഫലം ഉണ്ടാക്കിയിട്ടുണ്ടുതാനും. അതുപോലെതന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് കുട്ടികളും അധ്യാപകരും കൗദാശികജീവിതം നയിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക എന്നത്. കുമ്പസാരത്തിന്റെ കാര്യത്തിൽ കുട്ടികളെ നിരന്തരമായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പാപബോധമില്ലാത്ത തലമുറ സമൂഹത്തിന് ഏറെ ദോഷം ചെയ്യും എന്ന വസ്തുത നാം ഓർക്കണം. അധ്യാപകരുടെ കാര്യത്തിലും ഇത് ബാധകമാണ്. അവർ ശരിയായ കൗദാശികജീവിതം നയിക്കുന്നവരാകണം. അവരുടെ ജീവിതം ഏവർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് മാതൃകാപരമായിരിക്കണം. അധ്യാപനത്തിൽ രൂപതാകേന്ദ്രം നടത്തുന്ന പരിശീലനക്ലാസുകളിൽ പങ്കെടുത്ത് തങ്ങളുടെ അധ്യാപന വൈദഗ്ധ്യം മെച്ചപ്പെടുത്താൻ അധ്യാപകർ നിരന്തരം ശ്രദ്ധാലുക്കളായിരിക്കണം. അതിന് ആവശ്യമായ പ്രോത്സാഹനവും സാമ്പത്തികപിൻബലവും ഇടവകയിൽ നിന്ന് ലഭ്യമാക്കുന്നത് ഏറ്റവും ഉചിതമാണ് എന്ന് പറയേണ്ടതില്ലല്ലോ.

മതാധ്യാപകരുടെ സേവനം തങ്ങളുടെ മക്കൾക്ക് കിട്ടുന്ന മഹത്തായ ഒരു പരിശീലനമാണ് എന്ന് മനസ്സിലാക്കി മാതാപിതാക്കളും മറ്റ് ഇടവകജനങ്ങളും അവരെ ആദരിക്കുകയും അവർക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയും ചെയ്യണം. അവരെപ്പറ്റി കുടുംബങ്ങളിൽ നല്ലത് മാത്രം സംസാരിക്കാനും അവരുടെ സേവനത്തെ ഇടിച്ചുകാണിക്കുന്ന മനോഭാവം മാതാപിതാക്കളിൽ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ സേവനം തികച്ചും സൗജന്യമാണ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. അവർ അതിനു വേണ്ടി ചെലവഴിക്കുന്ന സമയവും ഊർജ്ജവും അവരുടെ കുടുംബത്തിന് വേണ്ടി ഉപയോഗിക്കാൻ സാധിക്കുമായിരുന്നതാണ്. എന്നാൽ അവരത് സന്തോഷത്തോടെ സമൂഹത്തിന് വേണ്ടി മാറ്റിവെയ്ക്കുന്നു. ഏറെ പ്രശംസാർഹമായ ഒരു കാര്യമാണ് അവർ ചെയ്യുന്നത്.

വിശ്വാസപരിശീലനമാണ് ഒരു ക്രിസ്ത്യാനിയെ ക്രൈസ്തവ വിശ്വാസം ഫലവത്തായി ജീവിക്കാൻ പഠിപ്പിക്കുന്നത്. അതിവേഗം ദൈവത്തിൽനിന്നും മതത്തിൽനിന്നും അന്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തേയും ഇനി വരാനിരിക്കുന്നതുമായ തലമുറകളെ അതിലേയ്ക്ക് തിരികെ കൊണ്ടുവരാൻ കഠിനപ്രയത്നം ചെയ്യുന്ന നിങ്ങളേവരോടും കൂടെ നമ്മുടെ കർത്താവിന്റെ കൃപ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 മെയ് മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 ജൂൺ മാസം 5-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

*“പ്രാവിന്റെ കണ്ണുകളിലൂടെ ...”*



# 2011 ജൂൺ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയരേ,

അടുത്ത ഞായറാഴ്ച നമ്മൾ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ഒരാഴ്ച ബൈബിൾവാരമായും ആചരിക്കുന്നു. പെന്തക്കുസ്താദിനം മുതലുള്ള ഒരാഴ്ച ബൈബിൾ വാരമായി നമ്മൾ കൊണ്ടാടുന്നത് എത്രയോ അർത്ഥവത്താണ്!

ദൈവാത്മാവും ദൈവവചനവും തമ്മിലുള്ള ബന്ധം സൃഷ്ടിയുടെ ആരംഭം മുതൽ തുടങ്ങുന്നതാണ്. ‘ഉണ്ടാകട്ടെ’ എന്ന ദൈവവചനത്തിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്. അതിനു തൊട്ടുമുൻപ് ദൈവാത്മാവ് ജലത്തിനുമീതെ ചരിച്ചുകൊണ്ടിരുന്നതായി ഉത്പത്തി പുസ്തകം സാക്ഷിക്കുന്നു (1:2). എസക്കിയേൽ പ്രവാചകന്റെ അസ്ഥികളോടുള്ള പ്രവചനവും ഇതിനോടു ബന്ധപ്പെടുത്തി വായിക്കണം (37:1-10). ദൈവാത്മാവാണ് പ്രവാചകനെ അസ്ഥികളുടെ താഴ്വരയിലേക്ക് നയിക്കുന്നത്. തുടർന്ന് കർത്താവിന്റെ വചനം ശ്രവിക്കുന്ന (37:4) അസ്ഥികളാണ് മാംസവും ജീവനും വച്ച് എഴുന്നേറ്റു നിൽക്കുന്നത്. ചുരുക്കത്തിൽ, ദൈവാത്മാവും ദൈവവചനവും ഒരുമിച്ചു പ്രവർത്തിക്കുന്നിടത്തൊക്കെ ജീവനുണ്ടാകുന്നു എന്നു സാരം.

ഈശോയെ മറിയം ഗർഭം ധരിച്ചത് ദൈവാത്മാവാലാണ്. ഈ മനുഷ്യാവതാരത്തെക്കുറിച്ച് യോഹന്നാൻ പറയുന്നത് വചനം മാംസം ധരിച്ചുവെന്നാണ്. ദൈവാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനം ഒരുമിച്ചു സംഭവിക്കുമ്പോഴാണ് ദൈവപുത്രൻ രൂപമെടുക്കുന്നത്. ബെനഡിക്ട് പാപ്പാ പറയുന്നു: “കന്യകാമറിയത്തിന്റെ ഉദരത്തിൽ വചനം മാംസമാകാൻ പ്രവർത്തിച്ച അതേ അരൂപിതന്നെയാണ് തന്റെ ദൗത്യത്തിൽ ഉടനീളം യേശുവിനെ നയിച്ചത്. തന്റെ ശിഷ്യന്മാർക്ക്

വാഗ്ദാനം ചെയ്തതും ഈ അരൂപിയെത്തന്നെയാണ്. പ്രവാചകന്മാരിലൂടെ സംസാരിച്ച അതേ അരൂപിതന്നെയാണ് ദൈവവചനം പ്രഘോഷിക്കുകയെന്ന അവളുടെ ദൗത്യം നിർവഹിക്കാൻ തിരുസഭയ്ക്ക് പ്രചോദനം നൽകുന്നതും. അപ്പസ്തോലന്മാരുടെ സുവിശേഷ പ്രചാരണത്തിൽ അവർക്കു പ്രചോദനമാകുന്നതും വിശുദ്ധലിഖിതങ്ങളുടെ രചനയിൽ ഗ്രന്ഥകാരന്മാർക്ക് പ്രചോദനമായിരുന്നതും ഈ അരൂപി തന്നെയാണ്" (വെർബും ദോമിനി, 15). വിശുദ്ധലിഖിതം മനസ്സിലാക്കാൻ "പ്രാവിന്റെ കണ്ണുകൾ" നമുക്കാവശ്യമാണെന്ന റിച്ചാർഡ് ഓഫ് സെന്റ് വിക്ടറിന്റെ വാക്കുകൾ നമുക്കു ധ്യാനിക്കാം.

ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുമ്പോഴാണ് നമ്മിൽ ജീവൻ നിറയുന്നത്, നമ്മിൽ ക്രിസ്തു രൂപപ്പെടുന്നത്. ഇതിനുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. ഈ കാര്യത്തിൽ നമുക്ക് വഴികാട്ടിയായി നിൽക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ പുതിയ അപ്പസ്തോലിക ആഹ്വാനം. അതിന്റെ പേര് 'കർത്താവിന്റെ വചനം' (വെർബും ദോമിനി) എന്നാണ്.

ഈ ലേഖനത്തിന്റെ പശ്ചാത്തലം 2008 ൽ നടന്ന മെത്രാന്മാരുടെ സിനഡായിരുന്നു. അതിൽ ഞാനും പങ്കെടുത്തിരുന്നു. സഭാജീവിതത്തിൽ ദൈവവചനത്തിനുള്ള പങ്കിനെക്കുറിച്ചായിരുന്നു സിനഡ് ചർച്ച ചെയ്തത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശിക സഭകൾ വചനപ്രഘോഷണത്തിനും സ്വാംശീകരണത്തിനും സ്വീകരിക്കുന്ന രീതികൾ അവിടെ പങ്കുവയ്ക്കപ്പെട്ടു. കേരളസഭയിലെ പ്രവർത്തനങ്ങളെ സന്തോഷത്തോടെയാണ് മെത്രാന്മാർ ശ്രവിച്ചത്. പ്രത്യേകിച്ച്, ലക്ഷക്കണക്കിന് ആൾക്കാർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് അവർക്കൊരു വിസ്മയമായിരുന്നു.

സിനഡിലെ നിർദ്ദേശങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ള മനോഹരമായൊരു ലേഖനമാണ് 'കർത്താവിന്റെ വചനം'. ദൈവവചനത്തോട് നമുക്കുണ്ടായിരിക്കേണ്ട സമീപനത്തിന്റെ മാർഗ്ഗരേഖയാണിത്. അതുകൊണ്ടുതന്നെ നമ്മൾ ഇതിനെ ഗൗരവമായി പഠിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യണം. ഈ ലക്ഷ്യത്തോടെയാണ് മെയ് 19, 20 തീയതികളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പി.ഒ.സി. യിൽവച്ച് ഇതിനെക്കുറിച്ചൊരു ശില്പശാല സംഘടിപ്പിച്ചത്. കേരളത്തിലെ ബൈബിൾ പണ്ഡിതരുടെ വലിയൊരു നിരതന്നെ ആ ശില്പശാലയെ സമ്പന്നമാക്കി. കൂടാതെ രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും ആനിമേറ്റേഴ്സും അതിൽ പങ്കെടുത്തിരുന്നു.

ഇനി നമുക്ക് വേണ്ടത് ഈ രേഖയെക്കുറിച്ചുള്ള തുടർപഠനങ്ങളും ചർച്ച കളുമാണ്. രൂപതകളിലും ഇടവകകളിലും അത് നടക്കണം. പോരാ, കുടുംബക്കൂട്ടായ്മകളിലും പ്രാർത്ഥനാഗ്രൂപ്പുകളിലും സംഘടനാമീറ്റിം ഗുകളിലുംവരെ ഇത് പഠനവിഷയമാകണം. നമ്മുടെ ഇത്തവണത്തെ ബൈബിൾ വാരാചരണം അതിനുള്ള അവസരമായി മാറട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

മറ്റൊരു കാര്യംകൂടി നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാ ഗ്രഹിക്കുന്നു. ദൈവവചനപ്രചാരണരംഗത്തുള്ള കേരള കത്തോലിക്ക രുടെ കൂട്ടായ്മയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി. ഏതൊരു കത്തോലിക്കനും ഇതിൽ അംഗമായി ചേരാവുന്നതാണ്. മിനിമം 500 രൂപയെങ്കിലും അടച്ചാൽ ആജീവനാന്ത അംഗമാകാം. അങ്ങനെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കുപറ്റാനും ഭരണ സമിതിയിൽ പങ്കാളിയാകാനും വഴി തെളിയുന്നു. കഴിഞ്ഞവർഷം മാത്രം 725 അംഗങ്ങൾ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗ ങ്ങളായി ചേർന്നു. ഇതിൽ അംഗങ്ങളാകാൻ നിങ്ങളെ ഓരോരുത്തരെയും ഞാൻ സ്വാഗതം ചെയ്യുന്നു. ജൂൺ 12 മുതൽ ജൂലൈ 7 വരെ തീവ്രാംഗത്വ ദിനങ്ങളായി നാം ആചരിക്കുകയാണ്. സൊസൈറ്റിയുടെ ജനറൽ ബോഡി യോഗം ജൂലൈ 9-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് പി.ഒ.സി.യിൽ വച്ചു നടത്തുന്നതാണ്. ഈ യോഗത്തിലേക്ക് സൊസൈറ്റി അംഗങ്ങളെയെല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞവർഷം തപാൽവഴിയുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് 198 പേർ ചേർന്നിരുന്നു. ലോഗോസ് ക്വിസിന് 4,83,172 പേർ രജിസ്റ്റർ ചെയ്തു. 2010-ലെ ലോഗോസ് പ്രതിഭ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണെന്ന യാഥാർത്ഥ്യം വിദ്യാർത്ഥീലോകത്തിനുള്ള ബൈബിൾ സ്നേഹത്തിന്റെ പ്രതീകമായി കണക്കാക്കാവുന്നതാണ്. പാഠ്യവിഷയങ്ങൾ പഠിക്കുന്നതോടൊപ്പം ദൈവത്തിന്റെ വചനവും ശ്രദ്ധ യോടെ വായിച്ചുധ്യാനിച്ചു പഠിച്ച് ആചരിക്കുന്ന ശീലം സ്വന്തമാക്കുവാൻ എല്ലാ വിദ്യാർത്ഥികളെയും ഞാൻ ക്ഷണിക്കുന്നു.

കോളേജുവിദ്യാർത്ഥികൾക്കായി ദൈവവചന പ്രോഗ്രാമുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. “ദൈവവചനവും സംസ്കാരവും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഒരു സവിശേഷ പശ്ചാത്തലം വിദ്യാലയങ്ങളും യൂണി വേഴ്സിറ്റികളുമാണ്” എന്നും അജപാലകർ ഈ മേഖലയിൽ സവി ശേഷ ശ്രദ്ധ ചെലുത്തണമെന്നുള്ള മാർപാപ്പയുടെ ഓർമ്മപ്പെടുത്തൽ

(വെർബും ദോമിനി, 111) നാം കാര്യഗൗരവത്തോടെ എടുക്കേണ്ടതാണ്. കോളേജുകളെയും ഹോസ്റ്റലുകളെയും കേന്ദ്രീകരിച്ച് ഇത്തരം മുന്നേറ്റങ്ങൾ നടത്താൻ രൂപതാ ഡയറക്ടർമാർ മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈ വർഷം മുതൽ ലോഗോസ് ക്വിസിന് on-line രജിസ്ട്രേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ മെഗാക്വിസിന്റെ വളർച്ചയിലെ നാഴികക്കല്ലാണിത്. വിദേശത്തുള്ള മലയാളികൾക്കും ലോഗോസ് ക്വിസിൽ പങ്കെടുക്കാനുതകുന്ന തരത്തിൽ on-line ക്വിസിനുള്ള സൗകര്യം ഒരുക്കാനായിരിക്കും നമ്മുടെ അടുത്ത ശ്രമം. on-line registration ന്റെ പ്രാരംഭ ദശയിൽ അല്പം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുമെങ്കിലും ക്രമേണ ഇതു വലിയ അനുഗ്രഹമായി ഏവർക്കും അനുഭവപ്പെടും. അതിനാൽ ഈ സംരംഭത്തോട് അനുഭാവപൂർവ്വം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികൾക്കായി ഒരു സചിത്ര ബൈബിൾ 'എന്റെ ഈശോ' എന്ന പേരിൽ പുറത്തിറക്കിയിട്ടുണ്ട്. അതിനു പിന്നിൽ പ്രവർത്തിച്ചവരെ ഹൃദയപൂർവകമായി അഭിനന്ദിച്ചുകൊള്ളുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെയുള്ള ഈ സംക്ഷിപ്തബൈബിൾ കുട്ടികൾക്ക് സമ്പൂർണ ബൈബിളിലേക്കുള്ള പ്രവേശനകവാടമാകട്ടെ!

ജനുവരി 1, 2 തീയതികളിൽ നടന്ന അഖില കേരള ബൈബിൾ കലോത്സവത്തിലും അഖിലകേരള ബൈബിൾ സാഹിത്യമത്സരങ്ങളിലും പങ്കെടുത്തു വിജയികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! വചനം കലധരിച്ച ദിനങ്ങളായിരുന്നു അവ. കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും ചിന്തകളും ഭാവനകളും വചനവിഹായസ്സിൽ മേല്ക്കുമേൽ ഉയരട്ടെയെന്നും വചനത്തിന്റെ കലാധാരണത്തിന് ഉപകരണങ്ങളാകാൻ അവർക്കു കഴിയട്ടെയെന്നും ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ സഭാത്മകമായി ബൈബിളിനെ സമീപിക്കാൻ നമുക്ക് പ്രത്യേകം പരിശീലനം നേടാം. 'വെർബും ദോമിനി' സശ്രദ്ധം വായിച്ചു ചർച്ചചെയ്ത് അതിലെ ആശയങ്ങൾ ഉൾക്കൊള്ളാൻ നമുക്കു പരിശ്രമിക്കാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ഇടവകതലത്തിൽ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ പ്രഭാഷണങ്ങൾ, റാലി, അഖണ്ഡ ബൈബിൾ പാരായണം തുടങ്ങിയവ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേ

റ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേ യുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭാത്മകമായി ബൈബിൾ വായിച്ചു ധ്യാനിച്ചു വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന ശൈലിയിൽ ആഴപ്പെ ടാൻ ഈ ബൈബിൾ വാരവും ബൈബിൾ ഞായറും നമ്മെ സഹായി ക്കട്ടെ!

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. സൂസൈപാക്യം**

**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ

---

NB:- ഈ സർക്കുലർ ജൂൺ 12-ാം തീയതി എല്ലാ ദൈവാലയങ്ങ ളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപ നങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയ ങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ട താണ്.

# രൂപതാകച്ചേരി വാർത്തകൾ

## ആദരാഞ്ജലികൾ



**റവ. ഫാ. ജേക്കബ് നടയത്ത്**
ജനനം: 10-11-1926
മരണം : 23-04-2011
മാനന്തവാടി മൈനർ സെമിനാരിയിൽ
സേവനം 1982-1986

## പരേതരായ വൈദീകരുടെ സ്മരണ

റവ.ഫാ. മാത്യു കൊല്ലിത്താനം - ജൂൺ 3
റവ.ഫാ. തോമസ് കാട്ടൂർ - ജൂൺ 8
റവ.ഫാ. അബ്രാഹം മൂക്കനോലി - ജൂലൈ 16

നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

## മതബോധന ഞായർ - ജൂൺ 5

2011 -12 വർഷത്തെ മതബോധന പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾതന്നെ ജൂൺമാസം 5-ാം തീയതി ഞായറാഴ്ച മതബോധന ഞായറായി നാം ആഘോഷിക്കുകയാണല്ലോ. മതബോധനം നമ്മുടെ ഓരോരുത്തരുടെയും, സഭയുടെതന്നെയും പ്രധാനദൗത്യമാണ് എന്ന് അനുസ്മരിച്ചുകൊണ്ട് പൂർവ്വാധികം ഉണർവ്വോടെയും കാര്യക്ഷമതയോടെയും ഇടവകയിലെ മതബോധന പ്രവർത്തനങ്ങൾ നടത്താൻ മതബോധന ഞായർ ആഘോഷം അവസരമാകട്ടെ. സീറോമലബാർ സഭ മിഷൻവർഷം ആചരിക്കാൻ ഒരുങ്ങുന്ന ഈ ഘട്ടത്തിൽ മതബോധന ഞായർ ആഘോഷം ഒന്നുകൂടി പ്രസക്തമാവുകയാണ്. മതബോധന

രംഗത്ത് പ്രത്യേക ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും പ്രത്യേകം അനുസ്മരിക്കുകയും അനുമോദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാൻതക്കവിധം മതബോധന ഞായർ ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ എല്ലാ ഇടവകകളിലും ചെയ്യുമല്ലോ. രൂപതയിലെ മതബോധന പ്രവർത്തനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ അന്നേദിവസം വി.കുർബാന മധ്യേ ലഭിക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് പ്രത്യേകമായി താത്പര്യപ്പെടുന്നു.

നമ്മുടെ രൂപതയിൽ മതബോധന പ്രവർത്തനങ്ങൾ വളരെ സജീവമായും മാതൃകാപരമായും നടത്തുന്നതിൽ നേതൃത്വം വഹിക്കുന്ന രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ബെന്നി മുതിരക്കാലയിലച്ചനും അച്ചനോട് ചേർന്ന് പ്രവർത്തിക്കുന്ന എല്ലാ ടീം അംഗങ്ങൾക്കും മേഖലാ ഡയറക്ടർമാർക്കും വൈദീകർക്കും സിസ്റ്റേഴ്സിനും മതാധ്യാപകർക്കും എല്ലാം ഹൃദ്യമായ അഭിനന്ദനങ്ങൾ.

**ബൈബിൾ ഞായർ**

ജൂൺ 19-ാം തീയതി ബൈബിൾ ഞായറായി നാം ആചരിക്കുകയാണല്ലോ. ബൈബിൾ ഞായറിനെ സംബന്ധിച്ച കെ.സി.ബി.സി.യുടെ ഇടയലേഖനം ഈ ബുള്ളറ്റിനോടുകൂടിയുള്ളത് ഇടവകകളിൽ വായിക്കേണ്ടതാണ്. വെർബും ദോമിനി എന്ന ചാക്രിക ലേഖനത്തെക്കുറിച്ചുള്ള പ്രത്യേക പഠനങ്ങൾ, വിവിധ പരിപാടികളോടുകൂടിയുള്ള ബൈബിൾ വാരാചരണം തുടങ്ങിയ പരിപാടികളോടെ ബൈബിൾ ഞായർ വേണ്ടവിധം ആചരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അന്നേദിവസത്തെ പ്രത്യേക സ്തോത്രക്കാഴ്ച കെ.സി.ബി.സി.യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**പത്രോസിന്റെ കാശ് - ജൂൺ 26**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാന ശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. അതിന് തൊട്ടു മുമ്പുള്ള ഞായറാഴ്ച ആയ ജൂൺ 26-ാം തീയതി വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേക്ക് അയച്ചു കൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ സഭാദിനം - ജൂലായ് 3**

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന

ത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മത്തിരുനാളാഘോഷം നമ്മുടെ വിശ്വാസ ജീവിതത്തെയും സഭാ സ്നേഹത്തെയും ശക്തിപ്പെടുത്തട്ടെ. സഭാദിനമായ ജൂലായ് 3-ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോമ ലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനഫ ണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക സെനറ്റ്**

വൈദിക സെനറ്റിലേയ്ക്കുള്ള (Presbyteral Council) ഫൊറോനാ പ്രതിനിധികളെ ജൂൺ മാസത്തിൽ ഫൊറോനാ സമ്മേളനത്തിൽ തെരഞ്ഞെടുത്ത് പേരുകൾ ഉടൻതന്നെ രൂപതാ കേന്ദ്രത്തിൽ അറിയി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ഫൊറോനാ വികാരി യച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**നന്ദി**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതാ സേവനത്തി നായി കടന്നുവന്ന് തിരിച്ചു പോകുന്ന ഏതാനും വൈദികരെ ഏറെ നന്ദിയോടെ സ്മരിക്കാം.

ഫാ. ചാക്കോച്ചൻ മുണ്ടന്താനത്ത് SAC നെയ്ക്കുപ്പ വികാരി യായും, ഫാ. ജോർജ്ജ് ചിറയ്ക്കൽപുരയിടം CMF ചാരിറ്റി വികാരിയാ യും, ഫാ. ജോർജ്ജ് ഏഴാനിക്കാട്ട് CMI തലപ്പുഴ വികാരിയായും, ഫാ. സിബി പുളിയ്ക്കൽ CMI ലക്കിടി വികാരിയായും, ഫാ. എമ്മാനുവൽ കണ്ണംപള്ളി CMI നിരവിൽപ്പുഴ വികാരിയായും, ഫാ. വർഗ്ഗീസ് കൊച്ചു നിരവത്ത് OFM Cap. ബത്തേരി അസിസ്റ്റന്റ് വികാരിയായും, ഫാ. ജോൺ പാറടിയിൽ MI ബത്തേരി അസിസ്റ്റന്റ് വികാരിയായും സേവനമനുഷ്ഠി ച്ചുവരികയായിരുന്നു. ഈ ബഹു. വൈദികരുടെ ആത്മാർത്ഥമായ സേവ നങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജോസ് പൂവക്കുളത്ത് SAC, ബഹു. തോമസ് പട്ടത്തിൽചിറ CMF , ബഹു. മാത്യു ചാലിൽ CMI, ബഹു. ചാക്കോ പറക്കാട്ടുകുഴി യിൽ CMI, ബഹു. ചാക്കോ പുതുക്കുളങ്ങര CMI, ബഹു. ഫ്രാൻസീസ് മൂന്നനാൽ CMI, ബഹു. വിജിൽ കിഴക്കരക്കാട്ട് O.Praem, എന്നീ വൈദി കർക്ക് സ്വാഗതവും പുതിയ പ്രവർത്തന മണ്ഡലത്തിൽ എല്ലാവിധ വിജ യങ്ങളും നന്മകളും ആശംസിക്കുന്നു.

**നന്ദിയുടെ ഒരു വാക്ക്**

കഴിഞ്ഞ മൂന്നു വർഷക്കാലം ഗൂഡല്ലൂർ റീജിയണൽ ഡയറക്ടറായി ആത്മാർത്ഥമായി സേവനം ചെയ്തതിനുശേഷം അവിടെ നിന്നും സ്ഥലം മാറി പോകുന്ന ബഹു. കുന്നത്ത് കുര്യാക്കോസ് അച്ചന് മാനന്തവാടി രൂപതയുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനകളും.

നീലഗിരി റീജിയണിന്റെ (ഗൂഡല്ലൂർ റീജിയണിന്റെ പുതിയ പേര്) ഡയറക്ടർ സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ബഹു. വാഴയിൽ കുര്യനച്ചന് പ്രവർത്തനരംഗത്ത് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

## TRANSFERS & APPOINTMENTS

| No. | Priest | Assignment |
|---|---|---|
| 1. | Rev. Fr. Chembakkara James | Vicar, Kunjhome & Director Santhinilayam Children's Home |
| 2. | " Chempala Augustine | Vicar, Kottiyoor |
| 3. | " Elayidom Mani | Vicar, Santhigiri |
| 4. | " Kakkonal Manoj | Director, Christeen (Add.Charge) |
| 5. | " Kattamkottil Saji | Ministry in Italy |
| 6. | " Kochupara Saji | Vicar, Elapeedika |
| 7. | " Koipuram Sebastian | Vicar, Karimbil |
| 8. | " Kollarthottam Sunny | Vicar, Narivalamunda |
| 9. | " Korandiyarkunnel Paul | Vicar, Dharmagiri |
| 10. | " Korattiparambil Vincent | Vicar, Alattil |
| 11. | " Kottaram Jose | Vicar, Velloonny |
| 12. | " Kottayil Saji | Vicar, Theneri |
| 13. | " Kumbukeel Kuriakose | Leave |
| 14. | " Kunnath Kuriakose | Leave |
| 15. | " Kuthukallumkal Francis | Vicar, Rippon |
| 16. | " Kuttikattukunnel Thomas | Vicar, Chulliana |
| 17. | " Kuzhikandathil Joseph | Vicar, Kurumbala |
| 18. | " Madappallikunnel Mathew | Manager, Mary Matha College (Additional Charge) |
| 19. | " Moonnanal Justin | Vicar, Thalanji |
| 20. | " Mukkattukavunkal Thomas | Manager,Seminary Villa Estate |
| 21. | " Ottaplackal Thomas | Vicar, Pattanikoop |
| 22. | " Palath Sijo | Vicar, Thelpara |
| 23. | " Parunthanolil Thomas | Vicar, Njarapadam |

| | | |
|---|---|---|
| 24. " | Perumattikunnel John | Vicar, Muthireri |
| 25. " | Poothakuzhy Jais | Vicar, Puthiyidomkunnu |
| 26. " | Pudussery Vincent | Vicar, Pazhoor |
| 27. " | Punchayil Lucka | Vicar, Puthurvayal |
| 28. " | Puthanapra Sunny | Leave |
| 29. " | Puthenpurayil Manuel | Study |
| 30. " | Puthenpura Tomy | Diocesan Director, KCYM |
| 31. " | Puthukulangara Thomas | Vicar, Vanjode |
| 32. " | Thamarasseril Vincent | Vicar, Pathiripadam |
| 33. " | Vadayaparambil Sony | Diocesan Director, CML |
| 34. " | Vazhachalil Thomas | Vicar, Kalluvayal |
| 35. " | Vazhakala Chackochan | Vicar, Arattuthara |
| 36. " | Vazhayil Kurian | Regional Director, Nilgiri (Add. Charge) |

## Assistants

| | | |
|---|---|---|
| 1. " | Kallumgatharayil Augustine | Manimooly |
| 2. " | Karuthedath Manoj | Payyampally & Asst. Director Christeen |
| 3. " | Kizhakkarakatt Vigil O.Praem | Kalpetta |
| 4. " | Moonnanal Francis CMI | Arulnilayam |
| 5. " | Muthanikattu Justin | Kayyunni |
| 6. " | Onampally Jerry | Kottiyoor |
| 7. " | Pakkanikuzhy Vinod | Mandya Diocese |
| 8. " | Perumbampally Joseph (Suneesh) CMI | Chundakkara |
| 9. " | Poovathinkal Dennis | Kallody |
| 10. " | Puthenpura Joseph | Bathery |
| 11. " | Thakadiyeel Francis (Sibi) CMI | Nilambur |

## Religious Priests

| | | |
|---|---|---|
| 1. " | Chalil Mathew CMI | Vicar, Arulnilayam |
| 2. " | Illiparambil Chacko CMI | Vicar, Thalapuzha |
| 3. " | Poovakulath Jose SAC | Vicar, Neikuppa |
| 4. " | Parakattukuzhiyil Chacko CMI | Vicar, Niravilpuzha |
| 5. " | Pattathilchira Thomas CMF | Vicar, Charity |
| 6. " | Puthukulangara Chacko CMI | Vicar, Lakkidi |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനം 2011 - റിപ്പോർട്ട്

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2011 മെയ് 4 ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതയാകുന്ന വലിയ കുടുംബത്തിന്റെ പ്രതിനിധിസമ്മേളനമായ ഈ കൂട്ടായ്മയുടെ ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 9.25 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തി. തുടർന്ന് എല്ലാവരും ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജപമാലയ്ക്കുശേഷം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെല്ലൂസ് വെരി. റവ.ഫാ. ജോസ് തേക്കനാടി എന്നിവർ സഹകാർമ്മികരായിരുന്നു. വി. കുർബാനമധ്യേ അഭിവന്ദ്യ പിതാവ് വചനസന്ദേശം നൽകി. ബഹു. സോണി വടയാപറമ്പിൽ അച്ചന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വി.കുർബാനയ്ക്ക് ശേഷം 12 മണിയ്ക്ക് പൊതുസമ്മേളനം ആരംഭിച്ചു. വിൻസെന്റ് ഗിരി ബാലഭവനിലെ കുട്ടികളുടെ രംഗപൂജയോടെ ആരംഭിച്ച സമ്മേളനത്തിൽ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഭൂപ്രദേശത്തിന്റെ വിസ്തീർണ്ണം ചുരുങ്ങിയെങ്കിലും ദൈവാനുഗ്രഹത്തിന്റെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അച്ചൻ സൂചിപ്പിച്ചു.

അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് ക്രിസ്തുവിന്റെ ഇടയദൗത്യം എപ്രകാരം വിനിയോഗിക്കണമെന്ന് അനുസ്മരിച്ചു. രൂപത സംഘാതാത്മകമായ ശരീരമാണെന്നും ആർക്കും അതിനെ തനിയെ നയിക്കാൻ സാധിക്കുകയില്ലെന്നും ദൈവരാജ്യസ്ഥാപനമെന്ന ഒരേ ലക്ഷ്യമാണ് നമുക്കെല്ലാവർക്കും ഉള്ളതെന്നും നേതൃനിരയിലേയ്ക്ക് ധാരാളം പേർ കടന്നുവരണമെന്നും ക്രിസ്തുവിന്റെ ഇടയദൗത്യത്തിൽ എല്ലാവരും പങ്കുചേരണമെന്നും സൂചിപ്പിച്ചു. ജീവന്റെയും മനുഷ്യന്റെയും പ്രകൃതിയുടെയും സംരക്ഷണമാണ് ക്രൈസ്തവ ദൗത്യമെന്നും ഇക്കാര്യത്തിൽ മാനന്തവാടി രൂപത പ്രതിജ്ഞാബദ്ധമാണെന്നും പിതാവ് പറഞ്ഞു. വൈദികരുടെ പ്രതിനിധിയായി സിഞ്ചെല്ലൂസ് വെരി. റവ.ഫാ.ജോസ് തേക്കനാടി, സമർപ്പിതരുടെ പ്രതിനിധിയായി ക്രിസ്തുദാസി സന്യാസിനീസഭാ സുപ്പീരിയർ ജനറൽ റവ.സി. ക്രിസ്റ്റീന SKD,

അത്മായരുടെ പ്രതിനിധിയായി രൂപതയിലെ അത്മായരുടെ നേതൃത്വ നിരയിലുള്ള ശ്രീ. ജോണി അമ്പാട്ട് സാർ എന്നിവർ സംസാരിച്ചു. തുടർന്ന് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച റവ.ഫാ. ജോസഫ് നെച്ചിക്കാട്ട്, റവ.ഫാ. ജെയ്സ് ചെട്ടിയാശ്ശേരി, റവ.ഫാ. ജോസഫ് ചിറ്റൂർ, റവ.ഫാ. ബെന്നി മുതിരക്കാലായിൽ, സി. ഇന്നസെന്റ് MSMI, ഡോ. അബ്രാഹം ജേക്കബ്, ഡോ. വൽസല സ്കറിയ, ശ്രീ. വിൻസെന്റ് ചൂനാട്ട്, ശ്രീ. ജോസ് പാഴൂക്കാരൻ, ശ്രീ. ജോസ് തോമസ് കാവുംപറമ്പിൽ, ശ്രീമതി സിസിലി നരിപ്പാറ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺസൺ വടക്കേക്കര എന്നിവരെയും, സമർപ്പിത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. മേരിബെല്ല SABS, സി. മാർഗ്ഗരറ്റ് SABS, സി. റോസ്ബെൽ വാമറ്റം SH, സി. ഫേബിയ മൈലാടൂർ SH എന്നിവരെയും മതാധ്യാപന രംഗത്ത് 35 വർഷങ്ങൾ പിന്നിടുന്ന ഫ്രാൻസീസ് കുഴിക്കാട്ടിൽ – ചുണ്ടക്കര, ബേബി തറയിൽ – മരകാവ്, സി. എലിസബത്ത് SABS എന്നിവരെയും അൾത്താര ശുശ്രൂഷയിൽ 25 വർഷങ്ങൾ പിന്നിട്ട ശ്രീ. ജോസഫ് ഇടയത്ത് – കുറുമണി, സെക്രട്ടറിയായി 42 വർഷങ്ങൾ സേവനം ചെയ്ത ശ്രീ. തോമസ് മേക്കാട്ട് – തലഞ്ഞി എന്നിവരെയും അഭിവന്ദ്യ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് 5 മക്കളുള്ളവരും 50 വയസ്സിൽ താഴെയുള്ളവരുമായ – 1. മംഗളാമഠത്തിൽ ഫ്രാൻസീസ് & ഷൈനി (പൂളപ്പാടം), 2. പാററ്റുകുടി അന്നക്കുട്ടി (കയ്യൂന്നി), 3. ചെത്തിപ്പുഴ ഡോ. അബ്രാഹം ജേക്കബ് & നിഷ (കല്പറ്റ), 4. ഉറവിൽ ലൂക്ക & ഫിലോമിന (കല്പറ്റ), 5. താന്നിക്കൽ ജോയി & മേഴ്സി (ചുങ്കക്കുന്ന്), 6. ജോസ് & മേരി കിഴക്കേതലയ്ക്കൽ (ചുങ്കക്കുന്ന്), 7. ജോർജ്ജ് & മോളി (ചുങ്കക്കുന്ന്), 8. മാത്യു & ലില്ലി പെക്കാടൻകുഴി (ചുങ്കക്കുന്ന്), മൂലാശ്ശേരിൽ ഷൈജു & ഷീന (വിളമ്പുകണ്ടം) എന്നീ 8 ദമ്പതിമാരെ മക്കളോടൊപ്പം മെമന്റോയും സമ്മാനങ്ങളും നൽകി ആദരിച്ചു. തുടർന്ന് മിഷൻ വർഷത്തെ ആധാരമാക്കി റവ.ഫാ. ജോസ് പാലക്കീൽ MST ക്ലാസ് നയിച്ചു. ശാസ്ത്രവും സാങ്കേതിക വിദ്യകളുമെല്ലാം അത്ഭുതാവഹമാം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവവചനപ്രഘോഷണത്തിനായി എല്ലാ ആധുനിക ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങളും ഉപയോഗിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. തിന്മകൾ മാത്രം വാർത്ത സൃഷ്ടിക്കുന്ന സമൂഹത്തിൽ നന്മയുടെ വക്താക്കളാകാൻ വേണ്ടി വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ എന്നും അദ്ദേഹം സൂചിപ്പിച്ചു.

രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് രൂപതാഗാനത്തോടെ പൊതുസമ്മേളനം അവസാനിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തോടെ രൂപതാ ദിനാഘോഷങ്ങൾക്ക് പരിസമാപ്തി കുറിക്കപ്പെട്ടു.

രൂപതയുടെ വിവിധഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, എല്ലാ സമൂഹങ്ങളുടെയും മേജർ സുപ്പീരിയേഴ്സ് എല്ലാ സന്യാസഭവനങ്ങളുടെയും സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകയിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേസ്കൂൾ പ്രധാന അധ്യാപകർ, വിവിധ സംഘടനകളുടെ രൂപതാഭാരവാഹികൾ, രൂപതയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., എന്നിവയുടെ പ്രധാന അധ്യാപകർ എന്നീ വിഭാഗങ്ങളിൽ നിന്നായി 800 ലധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരെയും വളരെ പ്രത്യേകമായി വിവിധ കമ്മിറ്റി കൺവീനർമാരായി പ്രവർത്തിച്ച ബിഷപ്സ് ഹൗസിലെയും പാസ്റ്ററൽ സെന്ററിലെയും എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാന കേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടനാപ്രവർത്തകരെയും മേജർ സെമിനാരി വിദ്യാർത്ഥികളെയും റീജൻസി ബ്രദേഴ്സിനെയും പലവിധത്തിൽ സഹായ സഹകരണങ്ങൾ ചെയ്തു തന്ന എല്ലാവരെയും ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മതബോധനരംഗം

മെയ് 29 ന് പുതിയ അധ്യയനവർഷം ആരംഭിച്ചു. മുൻവർഷങ്ങളിൽ അധ്യാപകർ ചെയ്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ചില ഇടവകകളിൽ പ്രധാനാധ്യാപകർ മാറിയിട്ടുണ്ട്. ചില ഇടവകകളിൽ പഠനം, ജോലി, ജീവിതാന്തസ്... തുടങ്ങി വ്യത്യസ്ത കാരണങ്ങളാൽ സേവനരംഗത്ത് നിന്നും താത്കാലികമായി മാറിയ അധ്യാപകരുമുണ്ട്. ഇടവകകളിൽ അവർ ചെയ്ത നിസ്തുലസേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

വിശ്വാസപരിശീലന രംഗത്തേയ്ക്ക് പുതുതായി കടന്നുവന്നവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ വർഷത്തെ നമ്മുടെ പരിശീലന പ്രവർത്തനങ്ങളുടെ മികവ് കുട്ടികളുടെ വിശ്വാസ ജീവിതത്തെ അടിസ്ഥാനമാക്കി വിലയിരുത്തി പുതിയ വർഷത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. വിശ്വാസ പരിശീലന ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ ശ്രദ്ധിക്കുമല്ലോ. രൂപതാ കലണ്ടറനുസരിച്ച്, സിലബസ് പ്രകാരം വിശ്വാസ പരിശീലനം ഇടവകയിൽ നടത്തുവാൻ എല്ലാവരുടേയും പരിശ്രമം ആവശ്യമാണ്.

പുതിയ അധ്യയനവർഷം ദൈവാനുഗ്രഹം നിറഞ്ഞതാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. വിശ്വാസ പരിശീലനത്തിൽ പങ്കാളികളാകുന്ന എല്ലാവർക്കും വിജയങ്ങൾ ആശംസിക്കുന്നു.

**അധ്യാപക പരിശീലനം**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചതുപോലെ അധ്യാപകരുടെ ക്ലാസ് അടിസ്ഥാനത്തിലുള്ള പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. പുതുതായി അധ്യാപനരംഗത്തേയ്ക്ക് വരുന്ന അധ്യാപകർ, ഏതു ക്ലാസിലേക്കാണെങ്കിലും ആമുഖസെമിനാറിൽ ആണ് പങ്കെടുക്കേണ്ടത്. ക്ലാസ്

മാറ്റം വന്ന അധ്യാപകർ ഏതു ക്ലാസ്സിലാണോ പഠിപ്പിക്കേണ്ടത് ആ ക്ലാസ്സിലെ പരിശീലനത്തിന് വരണം.

അധ്യാപകരുടെ സൗകര്യം കണക്കിലെടുത്ത് ഈ വർഷം രണ്ടു ഭാഗമായാണ് പരിശീലനം നടത്തുന്നത്.

| ക്ലാസ് | തീയതി | സമയം | സ്ഥലം |
|---|---|---|---|
| X, XI, XII | ജൂൺ 4 | 9.30–4.00 | ദ്വാരക |
| VII, VIII, IX | ജൂൺ 11 | 9.30–4.00 | ദ്വാരക |
| IV, V, VI | ജൂൺ 25 | 9.30–4.00 | ദ്വാരക |
| I - XII | ജൂലൈ 2, 3 | 9.30–4.00 | മണിമൂളി |

ഫീസ് Rs. 75/–; മണിമൂളിയിലെ പരിശീലനം ജൂലൈ 2–ന് രാവിലെ 9.30 ന് ആരംഭിച്ച് 3–ന് വൈകുന്നേരം 4.00 ന് അവസാനിക്കും. ഫീസ് അറിയിക്കും. ഗൂഡല്ലൂർ ഭാഗം, നിലമ്പൂർ, മണിമൂളി എന്നീ ഫൊറോനകളിലെ അധ്യാപകരാണ് അവിടെ പങ്കെടുക്കേണ്ടത്.

**ആമുഖസെമിനാർ**

ആമുഖസെമിനാർ പുതുതായി അധ്യാപനരംഗത്തേയ്ക്ക് വരുന്നവർക്കുള്ളതാണ്. രണ്ട് തീയതികളിൽ നടത്തുന്നു. താഴെ കൊടുക്കുന്ന തീയതികളിൽ അതാത് ഫൊറോനയിലെ അധ്യാപകർ സംബന്ധിക്കണം.

ജൂൺ 17, 18, 19 – ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യംമ്പള്ളി, തരിയോട്.

ജൂലൈ 22, 23, 24 – മുള്ളൻകൊല്ലി, ബത്തേരി, കൽപറ്റ, നടവയൽ, നീലഗിരി.

ഫീസ് Rs.250/–, സമയം: സെമിനാർ ആരംഭിക്കുന്ന ദിവസം വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് അവസാനിക്കുന്ന ദിവസം 4.00 മണിവരെ. സ്ഥലം – ദ്വാരക പാസ്റ്ററൽ സെന്റർ.

പരിശീലനത്തിന് വരുന്ന അധ്യാപകർ പഠിപ്പിക്കുന്ന ക്ലാസിലെ പുസ്തകം, നോട്ടുബുക്ക്, ബൈബിൾ... എന്നിവ കൊണ്ടുവരണം.

**പ്രത്യേക ശ്രദ്ധയ്ക്ക്**

പരിശീലനത്തിന് വരുന്ന അധ്യാപകർ നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**എന്റെ വചനഡയറി**

വിശുദ്ധഗ്രന്ഥ പഠനാർത്ഥം കുട്ടികളുടെ പരിശീലനത്തിന് നമ്മൾ ഉപയോഗിക്കുന്ന വചനഡയറി ഫലപ്രദമായി നടപ്പാക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. അതിന്റെ ലക്ഷ്യം സാധിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

**നന്ദിയോടെ**

കഴിഞ്ഞ വർഷങ്ങളിൽ ഫൊറോന ഡയറക്ടർമാരായി വിശ്വാസ പരിശീലന രംഗത്തെ ഭംഗിയായും ക്രിയാത്മകമായും നയിച്ച ബഹു. അഗസ്റ്റിൻ ചേമ്പാലയച്ചൻ (മണിമൂളി), ബഹു. തോമസ് കുറ്റിക്കാട്ടു കുന്നേലച്ചൻ (മാനന്തവാടി) എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ ഇടവകകളിൽ എല്ലാ ആശംസകളും പ്രാർത്ഥനകളും.

**HDC റിസൾട്ട്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തിയ HDC പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിജയികൾക്ക് അനുമോദനങ്ങൾ. ഫലപ്രദമായി കോഴ്സ് പൂർത്തിയാക്കിയ എല്ലാവരെയും, പ്രത്യേകിച്ച് ഉന്നതമായ സ്ഥാനം നേടിയവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. സി. സ്റ്റെല്ല SKD, സി. അഞ്ജലി CMC, സി. ജോൺസി CMC, എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും റാങ്കുകൾ നേടി. വിജയികളുടെ രജിസ്റ്റർ നമ്പർ താഴെ ചേർക്കുന്നു.

1001, 1002, 1003, 1005, 1006, 1008, 1009, 1010, 1011, 1012, 1013*, 1014, 1017, 1019, 1026, 1027, 1030*, 1031*, 1032, 1033, 1035, 1038, 1039, 1040, 1042, 1043, 1044, 1046, 1047, 1048, 1052, 1053, 1054, 1057, 1070, 1076, 1077, 1078, 1079, 1084, 1085*, 1087, 1090, 1092, 1093, 1097, 1098, 1099, 1100.

*Distinction

**HDC, DCC Registration**

അടുത്ത അധ്യയനവർഷത്തെ HDC, DCC Registration ജൂൺ മാസം 27 നു മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം. HDC കോഴ്സിലേയ്ക്ക് ഈ വർഷം 12-ാം ക്ലാസ് കഴിഞ്ഞ കുട്ടികളെയും, HDC കോഴ്സിന് അധ്യാപകരെയും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫൊറോനാ വാർത്തകൾ**

**നടവയൽ മേഖല സ്കോളർഷിപ്പ് വിജയികൾ**

**IV- ാം ക്ലാസ്**

ജീൻ ഒറവനാംതടം - ചുണ്ടക്കര

അമിത മേപ്പാടത്ത് - വിളമ്പുകണ്ടം

**V- ാം ക്ലാസ്**

ഷാമ പുതുകുളങ്ങര - പറളിക്കുന്ന്

സനിക കുന്നുമേൽ - ചെറുകാട്ടൂർ

മരിയ വാരികാട്ട് - കേണിച്ചിറ

**VI- ാം ക്ലാസ്**

ആൽഫി കല്ലുവേലിൽ - ചെറുകാട്ടൂർ

മരിയ വെള്ളപ്ലാക്കൽ - കേണിച്ചിറ
അജയ് കിഴക്കേക്കാലായിൽ - ചുണ്ടക്കര

**VII- ാം ക്ലാസ്**

ഐശ്വര്യ ചേരവേലിൽ - നടവയൽ
ലീന കരിക്കടത്ത് - നടവയൽ

**VIII- ാം ക്ലാസ്**

രാഗ ചക്കുംങ്കേരിയിൽ - ചെറുകാട്ടൂർ
അക്ഷയ വലിയ വീട്ടിൽ - കല്ലുവയൽ
സാൻസി കല്ലുപുരയ്ക്കൽ - ചുണ്ടക്കര

**IX- ാം ക്ലാസ്**

മെൽബിൻ വടക്കേക്കുടിയിൽ - വിളമ്പുകണ്ടം
പ്രസീത മുതിരക്കാലായിൽ - ചെറുകാട്ടൂർ
ജാസ്മിൻ കുഴുപ്പിള്ളിൽ - നടവയൽ

**X- ാം ക്ലാസ്**

ജോസ്ന കുളത്തിങ്കൽ - ചെറുകാട്ടൂർ
അഞ്ജു കണിയാമ്പറമ്പിൽ - ചുണ്ടക്കര
ജെസ്ലിൻ മേത്താനത്ത് - നടവയൽ

**XII- ാം ക്ലാസ്**

ശീതൽ കാരക്കുന്നേൽ - ചെറുകാട്ടൂർ
ജിതിൻ കുളത്തിങ്കൽ - നടവയൽ

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് 2011

**മത്തായി 22-25 മാതൃകാചോദ്യങ്ങൾ**

01. കപടനാട്യക്കാരേ നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്; എന്ന് യേശു പറഞ്ഞത് എന്ത് കൊണ്ട്? (22.18)

(a) സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ, അല്ലയോ എന്ന് ചോദിച്ചതുകൊണ്ട്, (b) യേശുവിനെ എങ്ങനെ വാക്കിൽ കുടുക്കാം എന്ന് ആലോചിച്ചതുകൊണ്ട്, (c) അവരുടെ ദുഷ്ടത മനസ്സിലാക്കിയതുകൊണ്ട്, (d) നികുതിയ്ക്കുള്ള നാണയമായി ദനാറാ കാണിച്ചതുകൊണ്ട്.

02. സദുക്കായർ യേശുവിനെ സമീപിച്ച് പുനരുത്ഥാനത്തെക്കുറിച്ച് ഉന്നയിച്ച ചോദ്യം വെറും പ്രഹസനമായിരുന്നു കാരണം? (22.23)

(a) സദുക്കായർ പുനരുത്ഥാനമില്ലെന്നു പറയുന്നതിനാൽ, (b) പുനരുത്ഥാനത്തിൽ അവൾ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും എന്ന് ചോദിച്ചതിനാൽ, (c) മോശയുടെ അനുശാസനങ്ങളെക്കുറിച്ച് തെറ്റായി വ്യാഖ്യാനിച്ചതിനാൽ, (d) ഏഴുപേർക്കും അവൾ ഭാര്യയായിരുന്നു എന്ന ന്യായം ഉന്നയിച്ചതിനാൽ.

03. 'നിങ്ങൾക്ക് തെറ്റുപറ്റിയിരിക്കുന്നു; — യേശു ഇങ്ങനെ സദുക്കായരോട് മറുപടി പറയാൻ കാരണം? (22.29)

(a) സദുക്കായർ വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ, (b) ദൈവം മരിച്ചവരുടെ അല്ല, ജീവി

ക്കുന്നവരുടെ ദൈവമായതിനാൽ, (c) ഉത്ഥാനത്തിൽ ഏവരും സ്വർഗ്ഗദൂതന്മാരെപ്പോലെ ആയിരിക്കും എന്നതിനാൽ, (d) പുനരുത്ഥാനത്തിൽ വിവാഹം ചെയ്യുകയോ, ചെയ്തുകൊടുക്കുകയോ ഇല്ലാത്തതിനാൽ.

04. രാജാവിന്റെ വിരുന്നുശാല അതിഥികളെക്കൊണ്ട് നിറഞ്ഞതെങ്ങനെ? (22.10)

(a) ക്ഷണിക്കപ്പെട്ടവരെല്ലാം വിരുന്നിന് വന്നതുകൊണ്ട്, (b) വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തിയവരെയെല്ലാം വിവാഹ വിരുന്നിന് ക്ഷണിച്ചതുകൊണ്ട്, (c) നിരത്തുകളിൽ ചെന്ന് ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടിയതുകൊണ്ട്, (d) രാജാവിന്റെ കാളകളെയും കൊഴുത്ത മൃഗങ്ങളെയുംകൊന്ന് വിരുന്നു സജ്ജമാക്കിയിരിക്കുന്നു എന്നറിഞ്ഞതുകൊണ്ട്.

05. 'കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ നിങ്ങൾക്കു ദുരിതം'- കാരണം? (23.13)

(a)സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ വരുന്നവരെ നിങ്ങൾ അനുവദിക്കുന്നില്ല, (b) ഒരുവൻ നിങ്ങളുടെ മതത്തിൽ ചേർന്നു കഴിയുമ്പോൾ നിങ്ങൾ അവനെ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കിത്തീർക്കുന്നു, (c) നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ നിങ്ങൾ അവഗണിക്കുന്നു, (d) നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു.

06. 'നിയമജ്ഞരും, ഫരിസേയരും നിങ്ങളോടു പറയുന്നതെല്ലാം അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ; ––– കാരണമെന്ത്? (23.1–2)

(a) അവർ നിയമം അനുശാസിക്കുന്നവ കൃത്യമായി പഠിപ്പിക്കുന്നു, (b) അവർ മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു, (c) അവർ ജനക്കൂട്ടത്തെ നയിക്കുന്ന നേതാക്കന്മാരാണ്, (d) അവർ യഥാർത്ഥ മാർഗ്ഗദർശികളാണ്.

07 ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞ നിയമജ്ഞരേയും ഫരിസേയരേയും യേശു ഉപമിക്കുന്നതെങ്ങനെ? (23.27)

(a) അണലിസന്തതികൾ, (b) വെള്ളയടിച്ച കുഴിമാടങ്ങൾ, (c) പ്രവാചകന്മാരുടെ കൊലയാളികൾ, (d) അന്ധരായ പാരമ്പര്യവാദികൾ.

08 പലരുടേയും സ്നേഹം തണുത്തുപോകാൻ ഇടവന്നതെങ്ങനെ? (24.11)

(a) അധർമ്മം വർദ്ധിക്കുന്നതിനാൽ, (b) വിശ്വാസം ഉപേക്ഷിക്കുന്നതിനാൽ, (c) ഒറ്റിക്കൊടുക്കുകയും ദ്വേഷിക്കുകയും ചെയ്യുന്നതിനാൽ , (d) മറ്റുള്ളവരെ പീഡനത്തിന് ഏൽപ്പിച്ചുകൊടുക്കുന്നതിനാൽ

09 യൂദായിലുള്ളവർ പർവ്വതങ്ങളിലേയ്ക്ക് പലായനം ചെയ്യേണ്ടത് എപ്പോൾ? (24.15)

(a) വിനാശത്തിന്റെ അശുദ്ധലക്ഷണം വിശുദ്ധസ്ഥലത്തു നിൽക്കുന്നത് കാണുമ്പോൾ, (b) ലോകാരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത ഉഗ്ര പീഡനം ഉണ്ടാകുമ്പോൾ, (c) വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെടുമ്പോൾ, (d) തിരഞ്ഞെടുക്കപ്പെട്ടവർ അടയാളങ്ങളും അത്ഭുതങ്ങളും കണ്ട് വഴിതെറ്റിക്കപ്പെടുമ്പോൾ.

10 ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകത എന്ത്? (24.42)

(a) പ്രതീക്ഷിക്കാത്ത മണിക്കൂറിൽ മനുഷ്യപുത്രൻ വരുന്നത്, (b) നിങ്ങളുടെ കർത്താവ് ഏതുദിവസം വരുമെന്ന് അറിയാത്തത്, (c) നക്ഷത്രങ്ങൾ ആകാശത്ത് നിന്ന് നിപതിക്കുകയും, ആകാശശക്തികൾ ഇളകുകയും ചെയ്യുന്നത്, (d) മനുഷ്യപുത്രന്റെ ആഗമനം നോഹയുടെ ദിവസങ്ങൾ പോലെ ആയിരിക്കുന്നത്.

11 അത്തിമരത്തിന്റെ കൊമ്പുകൾ ഇളതാവുകയും, തളിർക്കുകയും ചെയ്യുമ്പോൾ മനസ്സിലാക്കുന്നതെന്ത്? (24.32)

(a) വസന്തകാലം അടുത്തിരിക്കുന്നുവെന്ന്, (b) മനുഷ്യപുത്രൻ സമീപത്ത് വാതില്ക്കലെത്തിയിരിക്കുന്നെന്ന്, (c) വേനൽക്കാലം അടുത്തിരിക്കുന്നുവെന്ന്, (d) ആകാശവും ഭൂമിയും കടന്നുപോകും എന്ന്.

12 യജമാൻ യാത്രപുറപ്പെടുന്നതിന് മുൻപ് തന്റെ സമ്പത്ത് ഭൃത്യന്മാരെ ഭരമേല്പിച്ചത് ഏത് മാനദണ്ഡമനുസരിച്ചാണ്? (25.14-15)

(a) യജമാനന്റെ ഇഷ്ടമനുസരിച്ച്, (b) ഭൃത്യന്മാരുടെ അധ്വാനശീലം അനുസരിച്ച്, (c) ഓരോരുത്തന്റെയും കഴിവനുസരിച്ച്, (d) ഓരോരുത്തന്റെയും വിശ്വസ്തത അനുസരിച്ച്.

13 ഒരു താലന്തുലഭിച്ച ഭൃത്യന്റെ മറുപടികേട്ടപ്പോൾ യജമാനൻ അവനെ വിശേഷിപ്പിക്കുന്നത് എങ്ങനെയൊക്കെ? (25.26+30)

(a) മടിയനും ദുഷ്ടനുമായ ഭൃത്യൻ, (b) പ്രയോജനമില്ലാത്ത ഭൃത്യൻ, (c) ദുഷ്ടനും മടിയനുമായ ഭൃത്യൻ, (d) ദുഷ്ടനും മടിയനുമായ ഭൃത്യൻ, പ്രയോജനമില്ലാത്ത ഭൃത്യൻ.

14 നിത്യാഗ്നി സജ്ജമാക്കിയിരിക്കുന്നത് ആർക്കുവേണ്ടിയാണ്? (25.41)

(a) ഇടത്തുഭാഗത്തുള്ളവർക്കുവേണ്ടി, (b) ശപിക്കപ്പെട്ടവർക്കുവേണ്ടി, (c) പിശാചിനും അവന്റെ ദൂതന്മാർക്കും വേണ്ടി, (d) എളിയവരിൽ ഒരുവന് നന്മചെയ്യാതിരുന്നവർക്കുവേണ്ടി.

15 ലോകസ്ഥാപനം മുതൽ രാജ്യം സജ്ജമാക്കിയിരിക്കുന്നത് ആർക്കുവേണ്ടിയാണ്? (25.34)

(a) വലത്തുഭാഗത്തുള്ളവർക്കുവേണ്ടി, (b) എളിയവരിൽ ഒരുവന് നന്മചെയ്തു കൊടുക്കുന്നവർക്കുവേണ്ടി, (c) ചെമ്മരിയാടുകളേപ്പോലെ നീതിമാന്മാരായി വേർതിരിക്കപ്പെട്ടവർക്കുവേണ്ടി,
(d) പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവർക്കുവേണ്ടി.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞ വൈദീകരെ, സിസ്റ്റേഴ്സ്, പ്രിയ മിഷൻലീഗ് അംഗങ്ങളെ,

കർമ്മനിരതമായ 3 വർഷങ്ങൾ ദൈവാനുഗ്രഹത്തിന്റെയും, പ്രാർത്ഥനയുടെയും പ്രവർത്തന വിജയങ്ങളുടെയും അനുഗ്രഹീതമായ മൂന്ന് വർഷങ്ങൾ. 2008–2011 വരെ മാനന്തവാടി രൂപതയുടെ ഏറ്റവും വലിയ ശക്തമായ അല്മായ സംഘടനയുടെ ഡയറക്ടറായിരുന്ന് സംഘ ടനയെ നയിക്കാൻ ദൈവം നൽകിയ കാരുണ്യത്തിന് മുമ്പിൽ നിറഞ്ഞ മനസ്സോടെ ദൈവതിരുമുമ്പാകെ നന്ദിയേകുന്നു. പ്രാർത്ഥനയും പ്രോത്സാഹനവുമായി അനുഗ്രഹിച്ച അഭിവന്ദ്യ പിതാവിനും സഹരക്ഷാ ധികാരിമാരായിരുന്ന പെരി.ബഹു.മോൺ ജോർജ് മൂലയിലച്ചനും, മോൺ.മാത്യു മാടപ്പള്ളിക്കുന്നേലച്ചനും സ്നേഹപൂർവ്വം നന്ദിയുടെ നറു മലരുകൾ.

സംഘടനയ്ക്ക് വേണ്ട കരുത്ത് നൽകിയ രൂപതയിലെ മുഴുവൻ വൈദീകർക്കും, സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും ഒത്തിരി സ്നേഹ ത്തോടെ നന്ദി... സഹകരണവും പ്രോത്സാഹനവുമായി ഒപ്പം നിന്ന രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും പ്രത്യേകിച്ച് പ്രസിഡന്റ് മാരാ യിരുന്ന ശ്രീ. ജോൺസൺ ചിറായിൽ, ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറിമാരായിരുന്ന ശ്രീ. സജി തറപ്പുതൊട്ടിയിൽ, ശ്രീ. ബിനു മാങ്കൂ ട്ടത്തിൽ എന്നിവർക്കും ഒത്തിരി ഒത്തിരി നന്ദി. ജോയിന്റ് ഡയറക്ടർമാ രായിരുന്ന സി.വിജയ SABS, സി. ലിസ അലക്സ് SKD, എന്നിവർക്കും ഓഫീസ് സെക്രട്ടറിമാരായിരുന്ന സി. അർച്ചന CMC, സി.ഫൗസ്റ്റ CMC എന്നിവർക്കും നന്ദിയുടെ നറുമലരുകൾ നേരുന്നു. ഒത്തൊരുമയോടും

സഹകരണത്തോടും പ്രവർത്തിക്കുന്ന ഒരു രൂപതാ ടീം മിഷൻലീഗിനെ സംബന്ധിച്ച് ഒരു അനുഗ്രഹമാണ്. രൂപതാ ടീം അംഗങ്ങൾക്ക് എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

എല്ലാവിധ സഹകരണങ്ങളും പ്രോത്സാഹനവുമായി കൂടെ നിന്ന ബഹു.ഡെന്നീസ് കഴുതാടിയിൽ അച്ചനും, പാസ്റ്ററൽ സെന്ററിലെ മറ്റെല്ലാ അച്ചന്മാർക്കും ഹൃദ്യമായ നന്ദി.... അതുപോലെ എന്റെ കൂടെ നിന്ന മേഖല ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവർക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി.

ഞാൻ കെ.സി.വൈ.എമ്മിന്റെ സാരഥ്യം ഏറ്റെടുക്കുമ്പോൾ മിഷൻലീഗിലായിരുന്നപ്പോൾ നിങ്ങളോരോരുത്തരും കാണിച്ച സഹകരണവും പ്രോത്സാഹനവും പ്രാർത്ഥനകളും ഇനിയുമുണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. സോണി വടയാപറമ്പിൽ അച്ചന് സ്നേഹപൂർവ്വകമായി പ്രാർത്ഥനാമംഗളങ്ങൾ ആശംസിക്കുന്നു. വിജയങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

സ്നേഹമുള്ള വൈദീകരെ, സിസ്റ്റേഴ്സ്, സഹോദരങ്ങളെ,

മാനന്തവാടി രൂപത മിഷൻലീഗിന്റെ ഉത്തരവാദിത്വം അഭിവന്ദ്യ പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുകയാണല്ലോ. ഈ അവസരത്തിൽ ബഹു. അച്ചൻമാരുടെ പ്രാർത്ഥനയും സഹകരണവും വിനീതമായി അപേക്ഷിക്കുന്നു. ഏതൊരു സംഘടനയുടെയും വിജയത്തിനു പിന്നിൽ ഇടവകയിലെ വികാരിയച്ചൻമാരുടെ പങ്ക് വളരെ വലുതാണ്. മാനന്തവാടി രൂപതയിലെ മിഷൻലീഗ് സംസ്ഥാനത്തെ മികച്ചതാണെങ്കിൽ അതിന്റെ പിന്നിൽ ഓരോ ഇടവകയിലെയും വികാരിയച്ചൻമാരുടെ താല്പര്യവും അധ്വാനവുമാണെന്ന് വ്യക്തമായ ബോധ്യമുണ്ട്. എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും ഈ സ്നേഹവും സഹകരണവും ഒപ്പം നല്ല രീതിയിൽ മിഷൻലീഗ് മുന്നോട്ട് പോകുന്നതിനാവശ്യമായ നിർദ്ദേശങ്ങളും നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വികാരിയച്ചന്മാരോട് ചേർന്ന് സംഘടനയെ മുന്നോട്ടു നയിക്കുന്ന ബഹു. സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിപൂർവ്വം ഓർക്കുന്നു. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

**നന്ദിയോടെ....**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയ്ക്ക് ഒത്തിരിയേറെ നേട്ടങ്ങൾ സമ്മാനിച്ച് കഴിഞ്ഞ മൂന്ന് വർഷക്കാലം മിഷൻലീഗിനെ സ്തുത്യർഹമായ രീതിയിൽ നയിച്ച ബഹു.ടോമിയച്ചൻ, കെ.സി.വൈ. എം. ന്റെ ഡയറക്ടർ സ്ഥാനം ഏറ്റെടുത്തുകൊണ്ട് മിഷൻലീഗിൽ നിന്നും വിടവാങ്ങി. ശക്തമായ നേതൃത്വമാണ് ഒരു സംഘടനയെ പുരോഗതിയിലേയ്ക്ക് എത്തിക്കുന്നത്. മാനന്തവാടി രൂപതയെ സംസ്ഥാനത്തെ ഏറ്റവും മികച്ച രൂപതയാക്കി മാറ്റുന്നതിൽ ടോമിയച്ചൻ വഹിച്ച പങ്ക് വളരെ വലുതാണ്. അച്ചനെ ഒത്തിരി നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

പ്രിയ മിഷൻലീഗ് അംഗങ്ങളെ

പുതിയ ഒരു പ്രവർത്തന വർഷത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ് ഒപ്പം പുതിയ ഒരു അധ്യയനവർഷത്തിലേയ്ക്കും. നമുക്ക് കൂടുതൽ കർമ്മോത്സുകരാകാം. ജൂൺമാസം ആദ്യ ആഴ്ചയിൽ തന്നെ ശാഖാ ഭാരവാഹികളെ തിരഞ്ഞെടുക്കുമല്ലോ. ഈ തിരഞ്ഞെടുക്കപ്പെടുന്നവരാണ് രൂപതാ കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കേണ്ടത്. മിഷൻലീഗ് കുട്ടികളുടെ മാത്രം സംഘടനയല്ല. കുട്ടികളും മുതിർന്നവരും ഒറ്റക്കെട്ടായി പ്രേഷിതപ്രവർത്തനം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന അല്മായ സംഘടനയാണ്. അതുകൊണ്ട് തന്നെ കുട്ടികളോടൊപ്പം സംഘടനയെ നയിക്കാൻ പ്രാപ്തിയും താല്പര്യവുമുള്ള മുതിർന്നവരും ഭാരവാഹികളായി മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻലീഗിന്റെ അടിസ്ഥാനം 7 അംഗഗ്രൂപ്പാണ്. ഓരോ ഗ്രൂപ്പിലും മാനുവൽ ബുക്ക് പൂരിപ്പിക്കൽ നിർബന്ധമായും നടപ്പിലാക്കാനും ഒപ്പംതന്നെ അത് ആത്മാർത്ഥമായും സത്യസന്ധമായും ചെയ്യുവാനും മതാധ്യാപകർ കുട്ടികളെ ബോധ്യപ്പെടുത്തുമല്ലോ. ഈ വർഷം പ്രേഷിതവർഷമായിട്ടാണ് നാം ആചരിക്കുക. നമ്മുടെ സെമിനാറും ക്യാമ്പുകളും ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ചിരിക്കുന്നത്. ഇത് തീർച്ചയായും നമുക്ക് ഉപകാരപ്രദമാകും. പുതിയ പ്രവർത്തന വർഷത്തിലേയ്ക്കും അധ്യയന വർഷത്തിലേയ്ക്കും പ്രവേശിക്കുന്ന മിഷനറിമാർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

സ്നേഹത്തോടെ,

**സോണിയച്ചൻ**

**നന്ദിപൂർവ്വം**

നമ്മുടെ സംഘടനയുടെ കർമ്മപഥത്തിൽ കഴിഞ്ഞ മൂന്നുവത്സരങ്ങളിലായി മുന്നിൽ നടക്കുകയും സ്നേഹ ത്യാഗ സേവന സഹനത്തിന്റെ ജീവിതമാതൃകകൾ തീർക്കാൻ പ്രചോദനമേകുകയും ചെയ്ത ടോമിയച്ചൻ പുതിയ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുകയാണ്. സംഘടനയുടെ വളർച്ചയും സംഘടനാംഗങ്ങളുടെ ഒരുമയും ഉറപ്പുവരുത്തുകയും ദീർഘവീക്ഷണത്തോടെ ഇടപെടുകയും ചെയ്ത അച്ചനിലൂടെ പ്രേഷിതദൗത്യത്തിന്റെ ദീപ്തമാതൃക ദർശിക്കാൻ നമുക്ക് കഴിഞ്ഞു. അച്ചന് സി.എം.എൽ. മാനന്തവാടി രൂപതാകുടുംബത്തിന്റെ ഒരായിരം നന്ദി.... കഴിഞ്ഞ മൂന്നു വർഷവും മാനന്തവാടി രൂപത പ്രവർത്തനതലത്തിലും കലാമത്സരത്തിലും സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം കൈവരിക്കാനും അച്ചന്റെ നേതൃത്വത്തിനു കഴിഞ്ഞു. മിഷൻലീഗ് 63-ാം സംസ്ഥാന വാർഷികം വൻവിജയമാക്കാൻ അച്ചന്റെ സംഘടനാപാടവം ഏറെ ഗുണം ചെയ്യുകയും അത് സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തത് ഏറെ അഭിമാനപൂർവ്വം സ്മരിക്കട്ടെ.

യുവാക്കളുടെ കർമ്മധീരതയും തീഷ്ണതയും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി സംഘാതമാകുന്ന പുതിയ പ്രവർത്തന പഥത്തിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**സുസ്വാഗതം....**

സോണിയച്ചൻ നമ്മോടൊപ്പം ചേരുകയാണ്. ചെറുപുഷ്പ മിഷൻലീഗിലൂടെ വളർന്ന് സംഘടനയുടെ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സമർപ്പിത സാക്ഷ്യജീവിതം നയിക്കുന്ന അച്ചനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യാം.

മിഷൻലീഗിനെ കാലത്തിനൊത്ത് നയിക്കാനും പ്രേഷിത പ്രവർത്തനത്തിന്റെ നവരൂപങ്ങൾ തീർക്കുവാനും അച്ചന്റെ ചിന്തയും വീക്ഷണവും ആശയങ്ങളും അതിലുപരി സ്നേഹപ്രചോദനവും കാരണമാകട്ടെയെന്ന് ആശംസിക്കുന്നു. അച്ചനെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാകുടുംബത്തിലേയ്ക്ക് ഏറ്റം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**സി.എം.എൽ. രൂപതാക്യാമ്പ് - മഴവില്ല് 2011**

വിവിധ ശാഖകളിൽ നിന്നും തിരഞ്ഞെടുത്ത് വന്ന അംഗങ്ങൾക്കുവേണ്ടി മെയ് 1, 2, 3 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാക്യാമ്പ് നടത്തപ്പെട്ടു. നൂറോളം കുട്ടികൾ പങ്കെടുത്ത രൂപതാക്യാമ്പിന്

ഡോൺ ബോസ്കോ സഭാംഗങ്ങൾ നേതൃത്വം നൽകി. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ. ജെയ്സ് ചെട്ട്യാശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന് നേതൃത്വം നൽകിയവരെയും ക്യമ്പിന് കുട്ടികളെ പറഞ്ഞയച്ച ഇടവകാവൈദീകരെയും ശാഖാഭാരവാഹിക ളേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**രൂപതാ ജൂണിയർ ക്യാമ്പ്**

മെയ് 5,6 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂണിയർ ക്യാമ്പ് നടത്തപ്പെട്ടു. രൂപതാടീം ക്യാമ്പിന് നേതൃത്വം നൽകി. പാസ്റ്റ റൽ സെന്റർ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. ടോമി പുത്തൻപുരയിൽ, സി. ലിസ എസ്.കെ.ഡി., രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടത്തിൽ, സജി വേങ്ങത്തടം, സി. ഫൗസ്റ്റ സി.എം.സി., ഫാ.ബിജു തൊണ്ടിപ്പറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**രൂപതാ വാർഷിക മാനേജിംഗ് കമ്മിറ്റി**

2010-2011 വർഷത്തെ വാർഷിക മാനേജിംഗ് കമ്മിറ്റി മെയ് 7 ശനി യാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച മാനേജിംഗ് കമ്മിറ്റിയ്ക്ക് ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര സ്വാഗതമാശംസിച്ചു. സെക്ര ട്ടറി ബിനു മാങ്കൂട്ടത്തിൽ റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ അവത രിപ്പിച്ചു. തുടർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ച നടത്തി. വരുന്ന പ്രവർത്തനവർഷത്തെ മാർഗ്ഗരേഖയുടെ കരട് അവതരിപ്പിച്ചു. പ്രവർത്തനവർഷത്തിലെ പ്രോഗ്രാമുകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചു. ജനറൽ ഓർഗനൈസർ സജി വേങ്ങത്തടത്തിൽ മാനേജിംഗ് കമ്മിറ്റിക്ക് നന്ദി പറഞ്ഞു.

**യാത്രയയപ്പ് സമ്മേളനം**

മിഷൻലീഗ് രൂപതാഡയറക്ടറായിരുന്ന ബഹു.ടോമിയച്ചന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി. ജോ.ഡയറക്ടർ സി.ലിസ എസ്.കെ.ഡി., മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷം വഹിച്ചു. ശ്രീ. ജോൺസൺ ചിറായിൽ, ബെന്നി തട്ടത്തുപറമ്പിൽ, ജോസ്ന പാറക്കുന്നേൽ, അജീഷ് ഇടപ്പാട്ട്, ജിനോ മംഗലം, ഡോളി പാറേക്കുടിയിൽ, ബിനീഷ് തുമ്പിയാംകുഴി എന്നിവർ ആശംസകളർപ്പിച്ചു. മിഷൻലീഗിന്റെ സ്നേഹോപഹാരം രൂപതാ പ്രസി ഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ ടോമിയച്ചന് സമ്മാനിച്ചു. രൂപതാ സെക്ര ട്ടറി ബിനു മാങ്കൂട്ടത്തിൽ മീറ്റിംഗിന് നന്ദിപറഞ്ഞു.

## കല്പറ്റ, തരിയോട് മേഖലാക്യാമ്പുകൾ

10, 11 തീയതികളിൽ പുതുശ്ശേരിക്കടവ് ശാഖയിൽ വെച്ച് തരിയോട് മേഖലാക്യാമ്പും 14, 15 തീയതികളിൽ ലക്കിടി ആശ്രമത്തിൽ വെച്ച് കൽപറ്റ മേഖലാക്യാമ്പും നടത്തപ്പെട്ടു. സജി വേങ്ങത്തടത്തിൽ, ഷാജി ചന്ദനപ്പറമ്പിൽ, റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, സി. ലിസ അലക്സ് എസ്.കെ.ഡി., ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, ബിനു മാങ്കൂട്ടം, ജോൺസൺ വടക്കേക്കര, ജോൺസൺ ചിറായിൽ, ചിഞ്ചു ചിറ്റേടം എന്നിവർ ക്ലാസുകൾ നയിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പ് നന്നായി ക്രമീകരിച്ച മേഖലാ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

## ഡയറക്ടറച്ചന് സ്വാഗതം

സി.എം.എൽ. രൂപതാ ഡയറക്ടറായി നിയമിക്കപ്പെട്ട റവ.ഫാ. സോണി വടയാപറമ്പിലച്ചന് മെയ് 14 ശനിയാഴ്ച രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സ്വീകരണം നൽകി. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ നേതൃത്വം നൽകി.

## രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

ചെറുപുഷ്പ മിഷൻലീഗ് രൂപതാകൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 11 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ശാഖാ മേഖലാ രൂപതാ ഭാരവാഹികൾ സംഗമിക്കുന്ന കൗൺസിൽ 9.30 ഓടുകൂടി ആരംഭിക്കുന്നതാണ്. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും നിർവ്വഹിക്കും. രൂപതാ സംസ്ഥാന ദേശീയ ഭാരവാഹികൾ ആശംസകൾ അർപ്പിക്കും. കൗൺസിലിൽ വെച്ച് പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനം നടത്തും. രൂപതയിലെ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും കൗൺസിലിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## ശാഖാ ഭാരവാഹികൾക്കായി മേഖലാതല സെമിനാർ

ജൂൺ 18, 25 ഈ തീയതികളിൽ വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് ശാഖാ പ്രവർത്തനങ്ങളെകുറിച്ചും ശാഖാ റിക്കോർഡുകൾ എങ്ങനെ സൂക്ഷിക്കണമെന്നും കൂടുതൽ മനസ്സിലാക്കുന്നതിനായി മേഖലാകേന്ദ്രങ്ങളിൽ വെച്ച് രൂപതയുടെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തുന്നതാണ്. വിശദവിവരങ്ങൾ മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**ശാഖാ ഭാരവാഹികൾ**

ഈ വർഷം തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളാണ് രൂപതാ കൗൺസിലിൽ പങ്കെടുക്കേണ്ടത്. മുതിർന്ന അംഗങ്ങളെ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വിഹിതങ്ങൾ**

അംഗത്വഫീസ്, സംസ്ഥാനവിഹിതം, മിഷൻഞായർ വിഹിതം, മിഷൻകലണ്ടറിന്റെ തുക എന്നിവ നൽകാത്തശാഖകൾ രൂപതാ കൗൺസിലിനു മുമ്പ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ജയിൽസന്ദർശനം**

രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 15-ാം തീയതി വൈത്തിരി ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**കടുകുമണി മിഷൻ ക്യാമ്പ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മെയ് 15-17 തീയതികളിൽ കടുകുമണി മിഷൻക്യാമ്പ് റവ.ഫാ.ഡായി കുന്നത്ത് MST യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതയിൽ 17 ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 55 കുഞ്ഞുമിഷനറിമാർ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന് നേതൃത്വം നൽകിയ ബഹു. ഡായി അച്ചനും ടീമിനും മാനന്തവാടി രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**കടുകുമണി കൂപ്പൺ**

കടുകുമണി മിഷൻ ക്വിസ്സിൽ സംസ്ഥാന തലത്തിൽ 2-ാം സ്ഥാനം നേടിയ - വർക്കി അറയ്ക്കൽ - തെനേരി ഇടവക.
രൂപതാ തലത്തിൽ - I. വർഗ്ഗീസ് പള്ളിപാട് - അപ്പപ്പാറ,
II. മിനി ചങ്ങാലിക്കാവിൽ - പാറത്തോട്ടം, III. സനു മെതിപ്പാറ - കല്ലോടി

സമ്മാനാർഹരായവർക്ക് രൂപതാ കൗൺസിലിൽ വച്ച് സമ്മാനം നൽകപ്പെടുന്നതാണ്. രൂപതാ കൗൺസിലിൽ വരണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നു.

**കാണിക്ക തന്ന ശാഖകൾ**

മാർട്ടിൻനഗർ - 250, വഞ്ഞോട് - 200, പറളിക്കുന്ന് -100, വെള്ളൂന്നി - 3500, ചുണ്ടക്കര - 500, ബത്തേരി - 1000, കമ്മന - 100, ബോയ്സ്ടൗൺ - 240, പുതിയിടംകുന്ന് - 160, പ്രശാന്തഗിരി - 125, കാവുംമന്ദം - 236, പുതുശ്ശേരി - 100, പടമല - 3475, കുറ്റിമൂല - 240, പുഴമുടി - 100,

പന്തിപ്പൊയിൽ – 220, കടൽമാട് – 100, വൈത്തിരി – 200, അരുൾനിലയം – 350, തവിഞ്ഞാൽ – 90, കുറുമ്പാല – 1010, കോട്ടത്തറ – 600, വാഴവറ്റ – 500, ഏലപ്പീടിക – 150, മണിമൂളി – 3000, വടക്കനാട് – 50, ചെന്നലോട് – 350

**മിഷൻഞായർ പിരിവ് തന്ന ശാഖകൾ**

മാർട്ടിൻനഗർ – 200, ചുണ്ടക്കര – 1000, ബോയ്സ്ടൗൺ – 200, പടമല – 500, ഇരുളം – 200, അരുൾനിലയം – 250, അടയ്ക്കാത്തോട് – 575, വടക്കനാട് – 150, എടപ്പെട്ടി – 250, പനംചിറ – 200

**സംസ്ഥാന വാർഷികം – ഞായർ പിരിവ് തന്ന ശാഖകൾ**

കൊമ്മയാട് – 350, ടി.കെ. കോളനി – 100, മൂലേപ്പാടം – 200, മുണ്ടേരി – 200

**മേഖലാ വാർത്തകൾ – ബത്തേരി മേഖല**

മേഖലാ ക്യാമ്പ്, അൾത്താരബാലസംഗമം, ദൈവവിളി സെമിനാർ ഇവ നടത്തി. മേഖലാ ഭാരവാഹികൾക്ക് നന്ദി അറിയിക്കുന്നു.

**കല്ലോടി, പയ്യംപള്ളി മേഖലകൾ**

മഴവില്ല് 2011 മേഖലാ ക്യാമ്പ് നടത്തി. മേഖലാ ഭാരവാഹികൾക്കും രൂപതാ ടീമിനും നന്ദിയും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**കൊട്ടിയൂർ മേഖല**

മേഖലാ ക്യാമ്പ് നടത്തി. കൊട്ടിയൂർ മേഖല ഭാരവാഹികൾക്കും പങ്കെടുത്തവർക്കും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**ശാഖാവാർത്തകൾ**

*ഏലപ്പീടിക* – രോഗീസന്ദർശനം നടത്തി.
*ഒണ്ടയങ്ങാടി* – ദേവാലയ നിർമ്മാണത്തിന് ഫണ്ട് ശേഖരണം നടത്തി.
*ബത്തേരി* – മുടവന്തിയിൽ വർഗ്ഗീസ് എന്ന വ്യക്തിയ്ക്ക് ഭവനനിർമ്മാണത്തിന് 15 ചാക്ക് സിമന്റ് നൽകി.
*വെള്ളൂന്നി* – രോഗീസന്ദർശനം നടത്തി.
*ചുങ്കക്കുന്ന്* – വാർഷികം നടത്തി, ദൈവവിളിദിനം ആചരിച്ചു.
*ദീപ്തിഗിരി* – പരീക്ഷയ്ക്ക് ഒരുക്കമായി പ്രാർത്ഥന നടത്തി.
*നരിവാലമുണ്ട* – വസ്ത്രവിതരണം നടത്തി.
*കാവുംമന്ദം* – മേഖല മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുത്തു.
*പുതുശ്ശേരി* – ഇടവക ധ്യാനത്തിന്റെ വിജയത്തിനായ് പ്രാർത്ഥിച്ചു.

*കണിയാരം* – ദൈവവിളി ക്യാമ്പ് നടത്തി.
*വാളവയൽ* – മേഖലാ ക്യാമ്പിൽ പങ്കെടുത്തു.
*പ്രശാന്തഗിരി* – എക്സിക്യൂട്ടീവ് കൂടി, ഏകദിന ധ്യാനം നടത്തി.
*ഒലിവുമല* – ക്രിസ്റ്റീൻ ധ്യാനം നടത്തി, ജയിൽസന്ദർശനം നടത്തി.
*ചാരിറ്റി* – ജയിൽ സന്ദർശനം, ക്രിസ്റ്റീൻ ധ്യാനം, വാർഷികം എന്നിവ നടത്തി.
*പുഴമുടി* – ഏകദിന സെമിനാർ നടത്തി.
*നടവയൽ* – ക്രിസ്റ്റീൻ ധ്യാനം നടത്തി.
*ഇടിവണ്ണ* – ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കടൽമാട്* – മേഖല ക്യാമ്പിൽ പങ്കെടുത്തു.
*നിലമ്പൂർ* – ഏകദിന സെമിനാർ, ദൈവവിളി ക്യാമ്പ് നടത്തി.
*ഇടയൂർകുന്ന്* – തുണിമിൽ സന്ദർശനം നടത്തി.
*മുതിരേരി* – ഏകദിന സെമിനാർ നടത്തി.
*കല്ലോടി* – ബഹു. ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
*വടക്കനാട്* – വാർഷികം നടത്തി.

പ്രിയമുള്ളവരെ,

പുത്തൻ പ്രവർത്തനവർഷത്തിലേയ്ക്ക് നാം പാദമൂന്നുകയാണ്. പുത്തൻ പ്രവർത്തനങ്ങളുമായി പ്രവർത്തനപാതയിൽ മുന്നേറുമ്പോൾ കഴിഞ്ഞനാളുകളിൽ സംഭവിച്ച പിഴവുകളിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ട് വരുംനാളുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് നമുക്ക് യാത്ര തുടങ്ങാം.

മിഷൻ അഭിവാദനങ്ങളോടെ,
**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

എന്റെ പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളേ,

യുവത്വം ഒരു വസന്തമായി ആഘോഷിച്ച സുന്ദരമായ മൂന്ന് വർഷങ്ങൾ... കളിച്ചും, ചിരിച്ചും, പഠിച്ചും, പരിശീലിച്ചും, ആടിയും, പാടിയും– സമഗ്രവികസനത്തിന്റെ ശാദ്വലഭൂമിയിലേയ്ക്ക് നടത്തിയ പ്രയാണത്തിന്റെ ഓർമ്മകൾ ഒരു വികാരമായി മനസ്സിൽ ഉയർന്ന് വരുന്നു... രൂപതയിലെ മുഴുവൻ യുവജനങ്ങളുമായും സ്നേഹവും വാൽസല്യവും സാമീപ്യവും സഹകരണവും ഒരു ഉണർവ്വായി ഹൃദയത്തിൽ നിറഞ്ഞ് നിൽക്കുന്നു... യുവജന പ്രേഷിതത്വത്തിന്റെ വഴിത്താരയിൽ നിറഞ്ഞ് നിന്ന നന്മകളുടെ രൂപങ്ങളെ അകമഴിഞ്ഞ നന്ദിയുടെ ഹൃദയവായ്പോടെ അനുസ്മരിക്കുന്നു.

2008 മെയ് 17 ന് യുവജന ശുശ്രൂഷയുടെ പൂമുഖത്തേക്ക് പ്രവേശിച്ചപ്പോൾ അനുഗ്രഹമായി, നിർദ്ദേശങ്ങളായി, വഴികാട്ടികളായി ചാരത്ത് നിറഞ്ഞ് നിന്ന നല്ല വ്യക്തിത്വങ്ങളെ നന്ദിയോടെ അനുസ്മരിക്കട്ടെ. – യുവജനങ്ങളെ സ്നേഹിക്കുകയും പ്രസ്ഥാനത്തെ എന്നും വളർത്തുകയും ചെയ്യുന്ന സ്നേഹബഹുമാനപ്പെട്ട മാർ ജോസ് പൊരുന്നേടം പിതാവിനെ ഏറെ നന്ദിയോടെ ഓർക്കുന്നു. പ്രസ്ഥാനത്തിന്റെ സഹരക്ഷാധികാരികളായിരുന്ന മോൺ. ജോർജ്ജ് മൂലയിലച്ചനെയും, മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചനെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. പിന്നിട്ട നാളുകളിൽ സംഘടനയ്ക്ക് ശക്തിയും കരുത്തും നൽകി കൂടെ നിന്ന എല്ലാ മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, രൂപതയിലെ മുഴുവൻ ബഹു. വൈദീകരേയും, സന്യസ്തരേയും നന്ദിയോടെ ഓർക്കുന്നു. ആവശ്യഘട്ടങ്ങളിൽ സർവ്വവിധ സഹായങ്ങളും

നൽകി അനുഗ്രഹിച്ച വിവിധ സന്യാസസമൂഹങ്ങളിലെ അധികാരിക ളെയും സിസ്റ്റേഴ്സിനെയും കൃതജ്ഞതയോടെ ഓർക്കുന്നു. രൂപതാ സിൻഡിക്കേറ്റിൽ പ്രതിനിധികളായി പ്രവർത്തിച്ച മേഖലാ ഡയറക്ടറ ച്ചന്മാരുടെ പ്രതിനിധികളെയും, മേഖലാ ആനിമേറ്റർമാരുടെ പ്രതിനി ധികളെയും നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രസ്ഥാനത്തിന് കരുത്തായി പ്രവർത്തിച്ച ശ്രീ. ജോജിൻ ടി. ജോയി, ശ്രീ. അനീഷ് ഓമക്കര, ശ്രീ. സജിൻ ചാലിൽ എന്നിവരെയും സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗ ങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഒപ്പം ചിന്തകൾക്ക് കരുത്തേകി മുന്നോട്ട് നയിച്ച സീനിയർ അംഗങ്ങൾ, ചിന്താവേദി അംഗങ്ങൾ, അഭ്യു ദയകാംഷികൾ എന്നിവർക്കും നന്ദിയർപ്പിക്കുന്നു. എല്ലാ മേഖലാ ഭാര വാഹികളെയും കൂടെനിന്ന് ശക്തിയായി, കരുത്തായി, ഉണർവ്വായി, ചൈതന്യമായി - പ്രസ്ഥാനത്തിന്റെ ചാലകശക്തിയായ എല്ലാ യുവ ജന സുഹൃത്തുക്കൾക്കും, എന്റെ സ്നേഹപൂർവ്വമായ നന്ദി അറിയി ക്കട്ടെ.

പ്രസ്ഥാനത്തെ സ്നേഹിച്ച്, ദിശാബോധം നൽകി പുതിയ സേവന മണ്ഡലങ്ങളിലേയ്ക്ക് പോയ ആനിമേറ്റർമാരായ സി. മോളി ജോസഫ് SJL, സി. ജെസ്‌ലിമ SD എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ശാന്തമായി ശക്തമായി നയിക്കുന്ന സി. വിൻസി ജോൺ FCC യെയും സ്നേഹത്തോടെ ഓർക്കുന്നു.

കഴിഞ്ഞ നാളുകളിൽ നിർദ്ദേശങ്ങൾ, ഓർമ്മപ്പെടുത്തലുകൾ ഒക്കെനൽകി കൂടെ നിന്ന ബഹു. സെബാസ്റ്റ്യൻ പുത്തേനച്ചൻ, ബഹു. ജെയിംസ് പുത്തൻപറമ്പിലച്ചൻ, ബഹു. ആന്റോ മമ്പള്ളിയച്ചൻ എന്നി വരെ ആദരവോടെ അനുസ്മരിക്കുന്നു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ, സംസ്ഥാന ഭാരവാഹികൾ, വിവിധ രൂപതാ ഡയറക്ടർമാർ, ഭാരവാഹികൾ - ഏവരെയും നന്ദിയോടെ ഓർക്കുന്നു...

ത്യാഗപൂർവ്വം ഓഫീസ് ജോലികൾ കൃത്യമായി നിർവ്വഹിച്ച സി. എൽസി ജോൺ SH , സി. ജെസ്ന SABS എന്നിവരെ ഒത്തിരി സ്നേഹ ത്തോടെ ഓർക്കുന്നു. ഒപ്പം എന്നും സഹായഹസ്തവുമായി കൂടെയു ണ്ടായിരുന്ന പാസ്റ്ററൽ സെന്ററിലെ വൈദികരായ ബഹു. ഡെന്നിസ ച്ചൻ, ബെന്നിയച്ചൻ, ബാബുവച്ചൻ, ടോമിയച്ചൻ, ജെയിസച്ചൻ, സന്തോ ഷച്ചൻ... എന്നിവരെ ഏറെ നന്ദിയോടെ ഓർക്കുന്നു.

പ്രസ്ഥാനത്തെ നയിക്കാൻ അഭിവന്ദ്യ പിതാവിനാൽ നിയമിതനായ ബഹു. ടോമി പുത്തൻപുരയച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. യുവജനങ്ങൾക്ക് ആവേശവും കരുത്തും നൽകി പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിക്കട്ടെ. എല്ലാ വിജയങ്ങളും നന്മകളും നേരുന്നു.

ഒരിക്കൽക്കൂടി നന്മകളുടെ കൂമ്പാരമായി സൗഹൃദത്തിന്റെ വിളനിലമായി – കൊഴിഞ്ഞ് പോയ മൂന്ന് വർഷങ്ങളിൽ – ചൊരിഞ്ഞ കൃപകൾക്ക് ദൈവസന്നിധിയിൽ നന്ദിയർപ്പിച്ച് ഒപ്പം നിങ്ങളുടെ സ്നേഹപൂർവ്വമായ സഹകരണത്തിന്, സ്നേഹത്തിന്, പ്രോത്സാഹനത്തിന് നന്ദി പറഞ്ഞുകൊണ്ട് പടിയിറങ്ങട്ടെ... യുവതയുടെ ശക്തി സഭയുടെ ശക്തി എന്ന് തിരിച്ചറിഞ്ഞ് വീണ്ടും കരുത്തോടെ പ്രസ്ഥാനത്തെ നെഞ്ചിലേറ്റി – വിജയകുതിപ്പേകാൻ – നമുക്ക് പരസ്പരം കരങ്ങൾ കോർക്കാം. എല്ലാ വിജയങ്ങളും നേരുന്നു.

ഇടവകാ ശുശ്രൂഷയുടെ വേദികളിൽ ദൈവകൃപ നിറയാൻ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകൾ സ്നേഹപൂർവ്വം ആഗ്രഹിക്കുന്നു.

ഒത്തിരി നന്ദിയോടെ,

**ഫാ. സണ്ണി കൊല്ലാർതോട്ടം**

## സണ്ണിയച്ചന് സ്നേഹപൂർവ്വം....

മാനന്തവാടി രൂപതയുടെ കെ.സി.വൈ.എം. പ്രസ്ഥാനത്തെ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ അതിധീരമായി നയിച്ച ബഹു. ഫാ. സണ്ണി കൊല്ലാർതോട്ടത്തിൽ അച്ചന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. യുവമനസ്സുകളുടെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കി, യുവത്വത്തിന്റെ ചുറുചുറുക്കുമായി കെ.സി.വൈ.എമ്മിന് പുതിയ രൂപവും ഭാവവും നൽകി സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധയാകർഷിക്കത്തക്ക വിധത്തിൽ പ്രസ്ഥാനത്തെ വളർത്തിയ സണ്ണിയച്ചന് പുതിയ കർമ്മവീഥിയിൽ ഒരായിരം പ്രാർത്ഥനാശംസകൾ.... കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും വഴിത്താരയിലൂടെ ദൈവജനത്തെ നയിക്കുവാൻ അച്ചന് ദൈവം കൃപ ചൊരിയട്ടെ.

പ്രിയ ബഹു. വൈദീകരെ, സിസ്റ്റേഴ്സ്, പ്രിയ യുവജനസുഹൃത്തുക്കളേ,

മാനന്തവാടി രൂപതയിലെ യുവജന പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ അഭിവന്ദ്യപിതാവ് എന്നെ നിയോഗിച്ചിരിക്കുകയാണല്ലോ.

ഈയവസരത്തിൽ നിങ്ങൾ എല്ലാവരുടെയും പ്രാർത്ഥനയും, പിന്തുണയും പ്രോത്സാഹനവും, സഹകരണവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും കരുത്താണ് എന്ന തിരിച്ചറിവ് നമുക്കുണ്ട്. ആ തിരിച്ചറിവിൽ നിന്നുകൊണ്ട് പ്രസ്ഥാനത്തെ നയിക്കാനും അതിൽ പ്രവർത്തിക്കാനും നാം തയ്യാറാകുമ്പോൾ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കപ്പെടും. വെറും 33 വർഷങ്ങൾ മാത്രം ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ച് സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും, അനുകമ്പയുടെയും, മാറ്റത്തിന്റെയും ആൾരൂപമായി മാറി മരണംതന്നെ രക്ഷാകരമാക്കി തീർത്ത യുവാവായ ക്രിസ്തു. ആ ക്രിസ്തുവാണ് നമ്മുടെ നേതാവും ഗുരുവും മാതൃകയും. ക്രിസ്തുവിനെ വഴികാട്ടിയായി സ്വീകരിച്ച് രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ്, ക്രിസ്തുസന്ദേശം ഉൾക്കൊണ്ട് ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന് എന്ന മുദ്രാവാക്യമുയർത്തി നമുക്ക് മുന്നേറാം.

ഈ പ്രയാണത്തിന് ബഹു. യൂണിറ്റ്, ഡയറക്ടറച്ചൻമാരുടെയും, ആനിമേറ്റർ സിസ്റ്റർമാരുടെയും, രൂപതാ, മേഖലാ, യൂണിറ്റ് ഭാരവാഹികളുടെയും അകമഴിഞ്ഞ പ്രാർത്ഥനയും സഹകരണവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കർമ്മധീരതയോടെ സഭയുടെ ശബ്ദവും, ശക്തിയുമായി പ്രവർത്തിക്കാൻ കർമ്മോത്സുകരായ യുവജനസമൂഹത്തെ വളർത്തിയെടുക്കാൻ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം.

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

## സ്നേഹപൂർവ്വം സണ്ണിയച്ചന്

രൂപതയിലെ യുവജന ശുശ്രൂഷയ്ക്ക് കഴിഞ്ഞ മൂന്നുവർഷം നേതൃത്വം നൽകി പുതിയ പ്രവർത്തന മേഖലയിലേയ്ക്ക് മാറിയ പ്രസ്ഥാനത്തിന്റെ ഡയറക്ടർ സണ്ണി കൊല്ലാർതോട്ടം അച്ചന് യുവജന പ്രസ്ഥാനം നന്ദിനിറഞ്ഞ മനസ്സോടെ യാത്രയയപ്പ് നൽകി. മെയ് 7-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ പ്രത്യേക സെനറ്റ് സമ്മേളനം ചേർന്നു. ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ സ്വാഗതം പറഞ്ഞു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അധ്യക്ഷത വഹിച്ചു. രൂപതാ ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി., മുൻരൂപതാ പ്രസിഡന്റുമാരായ റെജിമോൻ പുന്നോലിൽ, സണ്ണി ജോസ് ചാലിൽ, മുൻ ആനിമേറ്റർ സി. ജെസ്ലിമ എസ്. ഡി., തരിയോട് മേഖലാ ഡയറക്ടർ

റവ.ഫാ. റെജി മുതുകത്താനിയിൽ, ജിതേഷ് മുളയ്ക്കക്കുന്നേൽ, സന്തോഷ് ഞാറക്കുളം, ബിനോയ് പാനികുളം എന്നിവർ അച്ചന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. പ്രസ്ഥാനത്തിന്റെ ഉപഹാരം പ്രസിഡന്റ് സമർപ്പിച്ചു. തുടർന്ന് മറുപടി പ്രസംഗത്തിൽ സണ്ണി അച്ചൻ എല്ലാവരേയും നന്ദിയോടെ അനസ്മരിച്ചു. സണ്ണി അച്ചനിലൂടെ പ്രസ്ഥാനത്തിനുണ്ടായ നേട്ടങ്ങളെ എല്ലാം യുവജനപ്രസ്ഥാനം നന്ദിയോടെ ഓർക്കുന്നു. പ്രസ്ഥാനത്തിന്റെ പേരിലും ഓരോ യുവജനങ്ങളുടെ പേരിലും അച്ചന് സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

**സ്നേഹത്തോടെ.... പ്രതീക്ഷയോടെ.... സുസ്വാഗതം**

പ്രസ്ഥാനത്തിന് ആത്മീയ നേതൃത്വം നൽകുന്നതിന് ഡയറക്ടറായി കടന്നുവന്ന റവ.ഫാ. ടോമി പുത്തൻപുരയ്ക്കലിന് സ്വീകരണം നൽകി. മെയ് 18-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും കെ.സി.വൈ.എം. പ്രസ്ഥാനത്തെ മുൻവർഷങ്ങളിൽ നയിച്ച നേതൃനിരയും ഒത്തുചേർന്ന മീറ്റിംഗിൽ വച്ച് ടോമിയച്ചന് ഹൃദ്യമായ സ്വീകരണം നൽകുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു.

**'കെയ്റോസ് 2011' വിദ്യാഭ്യാസ പ്രദർശനവും സെമിനാറും**

2011 ഏപ്രിൽ 27 ന് കൽപറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽവച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെയും, സംസ്ഥാന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ED, FACTORS കമ്പനിയുടെ സഹായത്തോടെ വിദ്യാഭ്യാസ പ്രദർശനവും സെമിനാറും സംഘടിപ്പിച്ചു. ശ്രീ. എം.ഐ. ഷാനവാസ് എം.പി. ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ.ഫാ. ജെയ്സൺ കൊള്ളന്നൂർ, രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, പ്രസിഡന്റ് സജിൻ ജോസ് ചാലിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കരിയർ ഗുരു പി. ആർ. വെങ്കട്ടരാമൻ സെമിനാർ നയിച്ചു. വിവിധ മേഖലകളിൽ നിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു.

കരിയർ എക്സിബിഷനോട് അനുബന്ധിച്ച് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ക്വിസ് പ്രോഗ്രാമും സംഘടിപ്പിച്ചു. വിദ്യാഭ്യാസ പ്രദർശനം വിജയിപ്പിക്കാൻ രൂപതാസമിതിയെ സഹായിച്ച ബഹു. ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും എല്ലാ യുവജനസുഹൃത്തുക്കൾക്കും അനുമോദനങ്ങൾ.

**എൻഡോസൾഫാനെതിരെ**

"Expression of an impression on Endosulfan by Thumbimpression' " എൻഡോസൾഫാനെതിരെ ഒരു വിരലടയാളം, മാനന്തവാടി രൂപത കെ.സി.വൈ.എം. എൻഡോസൾഫാൻ വിപത്തിനെതിരെ പ്രതികരിക്കുന്നതിന്റെ ഭാഗമായി ജനങ്ങളുടെ എതിർപ്പ് രേഖപ്പെടുത്തുന്ന വിരലടയാളങ്ങൾ ശേഖരിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനം വയനാട് എം.പി. ശ്രീ. എം.ഐ. ഷാനവാസ് നിർവ്വഹിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**പരിസ്ഥിതി വാരാചരണം - ജൂൺ 1-5**

നഷ്ടമായിക്കൊണ്ടേ തുടരുന്ന പരിസ്ഥിതിയെ വീണ്ടെടുക്കാനുള്ള എളിയ ശ്രമമായി യൂണിറ്റുകളിൽ പരിസ്ഥിതി വാരാചരണം ജൂൺ 1 മുതൽ 5-ാം തീയതിവരെ ആഘോഷിക്കുന്നു. പരിസ്ഥിതി ദിനമായ ജൂൺ 5 ന് യൂണിറ്റുകളിൽ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. മരത്തൈകൾ നടുക, പരിസര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരിസ്ഥിതി സംരക്ഷണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, പള്ളിയും പള്ളിപരിസരവും മാലിന്യമുക്തമാക്കുക, മാലിന്യനിക്ഷേപ ടാങ്കുകൾ സ്ഥാപിക്കുക, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുക, തുടങ്ങിയ ഏതെങ്കിലും പ്രവർത്തനങ്ങൾ യൂണിറ്റിൽ സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട ഡയറക്ടറും ഭാരവാഹികളും മുൻകൈ എടുക്കുമെന്ന് കരുതുന്നു.

**'ആത്മജ്വാല - 2011' - പന്തക്കുസ്താ ജാഗരണ പ്രാർത്ഥന - മരക്കടവിൽ**

പന്തക്കുസ്താ രാവിന്റെ യാമങ്ങളിൽ യുവജനങ്ങളെ ആത്മനിറവിൽ ജ്വലിപ്പിക്കുവാൻ എല്ലാവർഷവും നടത്താറുള്ള പന്തക്കുസ്താ ജാഗരണ പ്രാർത്ഥന മരക്കടവ് സെന്റ് ജോസഫ്സ് ദേവാലയത്തിൽവെച്ച് ജൂൺ 11-ാം തീയതി വൈകിട്ട് 6 മണിക്ക് ആരംഭിക്കുന്നു. 12 ന് രാവിലെ 6 മണിക്ക് ദിവ്യബലിയോടെ സമാപിക്കും. എല്ലാ യൂണി

റ്റുകളിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് യൂണിറ്റ് ആനിമേറ്റർമാരും ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

### ജൂലൈ 9 - രൂപതാ അർദ്ധവാർഷിക സെനറ്റ് - ദ്വാരക

ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന് എന്ന പ്രവർത്തന മുദ്രാവാക്യം മുഴക്കി 2011 വർഷത്തെ പ്രവർത്തനങ്ങളുടെ പകുതി പിന്നിടുമ്പോൾ കൊഴിഞ്ഞുപോയ നാളുകളെ വിലയിരുത്തുവാനും വരാൻപോകുന്ന നാളുകളെ ഉർജ്ജസ്വലമാക്കുവാനും നടത്തുന്ന രൂപതാ അർദ്ധവാർഷിക സെനറ്റ് മീറ്റിംഗിൽ എല്ലാ മേഖലാ, യൂണിറ്റ് സെനറ്റംഗങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം മേഖലാ സെനറ്റ് അംഗീകരിച്ച അർദ്ധവാർഷിക റിപ്പോർട്ട് ഓരോ മേഖലയും രൂപതയിൽ അവതരിപ്പിക്കേണ്ടതാണ്. ജൂലൈ 9 (ശനി) രാവിലെ 9.30-ന് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സെനറ്റ് അവസാനിക്കുന്നതാണ്.

### ജൂലൈ 10 യുവജനദിനം

വീണ്ടും ഒരു യുവജനദിനം കൂടി നമ്മുടെ ചാരത്തെത്തിയിരിക്കുന്നു. വർഷത്തിൽ ഒരു ദിവസം യുവജനങ്ങൾക്കായ് സമ്മാനിക്കപ്പെട്ട ഈ ദിവസത്തെ എല്ലാ യൂണിറ്റുകളും സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം വി.കുർബാന, കാഴ്ചസമർപ്പണം, യുവജനസംഗമം, സാമൂഹ്യസമ്പർക്ക പരിപാടികൾ എന്നിവ യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കണം. അന്നേദിവസം പ്രധാന കുർബാന സമയത്ത് യൂണിറ്റിലെ യുവജനങ്ങളെ പള്ളിയിൽവച്ച് ആദരിക്കുകയും യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വനിരയിലുള്ളവരെ ഇടവക ജനങ്ങൾക്ക് പരിചയപ്പെടുത്തുവാനും ബഹു. യൂണിറ്റ് ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ.

പ്രസ്തുത ദിവസത്തെ പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദറിപ്പോർട്ട് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### വിവാഹമംഗളങ്ങൾ

കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ ഭാര്യ സോണിയ എന്നിവർക്ക് കെ.സി.വൈ.എം. രൂപതാ സമിതിയുടെ വിവാഹ മംഗളാശംസകൾ.

## ഹൃദയപൂർവ്വം നന്ദി

മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തെ മേഖലകളിൽ സജീവമാക്കുന്നതിന് മുഖ്യ പങ്കുവഹിച്ച നടവയൽ മേഖല ഡയറക്ടർ ബഹു. ഫാദർ ഡെന്നീസ് പൂവ്വത്തിങ്കലിനും നിലമ്പൂർ മേഖല ഡയറക്ടർ ബഹു. ജെറി ഓണമ്പള്ളിൽ അച്ചനും രൂപതാ കെ.സി.വൈ.എം. നന്ദിയർപ്പിക്കുന്നു. പുത്തൻപ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

## യൂണിറ്റുകൾ സജീവമാക്കുക

പുതിയ യൂണിറ്റ് ആനിമേറ്റർമാർക്ക് സ്വാഗതം. പ്രസ്ഥാനത്തെ ഇടവകകളിൽ സജീവമാക്കുവാൻ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് മുന്നിട്ടിറങ്ങണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. യുവജന ദിനാഘോഷങ്ങൾ ഓരോ ഇടവകകളിലും ഭംഗിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## യൂണിറ്റ് വാർത്തകൾ

### ദ്വാരക യൂണിറ്റ് - മലയാറ്റൂർ പദയാത്ര

യേശുനാഥന്റെ സഹനപാദ പിൻതുടർന്നുകൊണ്ട് ദ്വാരക യൂണിറ്റ് മലയാറ്റൂർ പദയാത്ര നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. പ്രസിഡന്റ് ബിനീഷ് കൊഴ്ത്താനത്ത്, സെക്രട്ടറി തോമസ്, ശ്രീ. ഷിൽസൺ കോക്കണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി. മലയടിവാരത്തിൽ രൂപതാ ട്രഷറർ ജിതേഷ് മുളക്കക്കുന്നേലിന്റെ നേതൃത്വത്തിൽ യാത്രികരെ സ്വീകരിക്കുകയും തുടർന്ന് സംയുക്തമായി മലകയറുകയും ചെയ്തു.

### റിപ്പൺ യൂണിറ്റ്

ആനിമേറ്റർ സി. ആഞ്ചലായുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ വാഴവറ്റയിലെ സെബസ്ത്യാനോസിന്റെ ദേവാലയവും പരി. ദൈവമാതാവിന്റെ ഗ്രോട്ടോയും സന്ദർശിച്ചു. തുടർന്ന് കാരാപ്പുഴ ഡാം സന്ദർശിച്ചു. ആനിമേറ്റർ സിസ്റ്ററിന്റെയും പ്രസിഡന്റ് ലിറ്റോ മുതുശ്ശേരിയുടെയും നേതൃത്വത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ ഒത്തുകൂടി പള്ളിപരിസരവും ഗ്രോട്ടോയും വൃത്തിയാക്കി. 3 വർഷം കെ.സി.വൈ.എം. റിപ്പൺ യൂണിറ്റിനെ നയിച്ച സി. ആഞ്ചലയ്ക്ക് യാത്രയയപ്പ് നൽകി. സിസ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് നന്ദിയർപ്പിച്ച് സ്നേഹോപഹാരം നൽകി.

**പടമല യൂണിറ്റ്**

കെ.സി.വൈ.എം. പടമല യൂണിറ്റ് അംഗങ്ങൾ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു വരുന്നു. വലിയ ആഴ്ചയിൽ കുരിശിന്റെ വഴി നടത്തുന്നതിന് അംഗങ്ങൾ ഒരുമിച്ച് ചേർന്ന് കുരിശിന്റെ വഴിയുടെ ഫ്ളക്സുകൾ 14 സ്ഥലങ്ങളിലായി സ്ഥാപിക്കുകയുണ്ടായി. ഡയറക്ടറച്ചനും കെ.സി.വൈ.എം. അംഗങ്ങളും ഒരുമിച്ച് കൂടി ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച് വളരെ മനോഹരമായ കല്ലറ നിർമ്മിക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏപ്രിൽ 26 മുതൽ 29 വരെ നടന്ന കോഴ്സിൽ 102 പേരും, മെയ് 08 മുതൽ 11 വരെ നടന്ന കോഴ്സിൽ 97 പേരും, പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ജൂൺ 24–27 – പാസ്റ്ററൽ സെന്റർ ദ്വാരക

ജൂലൈ 15–18 – പാസ്റ്ററൽ സെന്റർ ദ്വാരക

**മക്കൾ കുടുംബത്തിന് അനുഗ്രഹം**

50 വയസ്സിനുതാഴെ പ്രായമുള്ള 5 മക്കൾ ഉള്ള കുടുംബങ്ങളെ മെയ് 4 ന് രൂപതാ ദിനത്തിൽ അഭിവന്ദ്യ പിതാവ് ആദരിക്കുകയും രൂപതയുടെ ഉപഹാരം സമർപ്പിക്കുകയും ചെയ്തു. രൂപതയുടെ ആദരവും അനുഗ്രഹവും ഏറ്റു വാങ്ങിയ കുടുംബങ്ങൾ – 1. മംഗളാമഠത്തിൽ ഫ്രാൻസീസ് & ഷൈനി (പൂളപ്പാടം), 2. പാറട്ടുകുടി അന്നക്കുട്ടി (കയ്യൂന്നി), 3. ചെത്തിപ്പുഴ ഡോ. അബ്രാഹം ജേക്കബ് & നിഷ (കല്പറ്റ), 4. ഉറവിൽ ലൂക്ക & ഫിലോമിന (കല്പറ്റ), 5. താന്നിക്കൽ ജോയി & മേഴ്സി (ചുങ്കക്കുന്ന്), 6. ജോസ് & മേരി കിഴക്കേതലയ്ക്കൽ (ചുങ്കക്കുന്ന്), 7. ജോർജ്ജ് & മോളി (ചുങ്കക്കുന്ന്), 8. മാത്യു & ലില്ലി പെക്കാടൻകുഴി (ചുങ്കക്കുന്ന്), മൂലാശ്ശേരിൽ ഷൈജു & ഷീന (വിളമ്പുകണ്ടം).

**അഭിനന്ദനങ്ങൾ ... ആശംസകൾ .... ഡോ. വത്സലയ്ക്ക്**

35 വർഷത്തോളം മാതൃസംഘടനയെയും വിമൻസ് കമ്മീഷ

നെയും ശക്തമായി നയിച്ച ഡോ. വത്സലയ്ക്ക് എല്ലാവിധ നന്മയും, അനുഗ്രഹവും, പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനകളും ആശംസിക്കുന്നു.

## കത്തോലിക്കാ മാതൃസംഘടന

12 ന് മാനന്തവാടി രൂപത മാതൃസംഘടനയുടെയും വിമൻസ് കമ്മീഷന്റെയും രൂപത എക്സിക്യൂട്ടീവ് പ്രാർത്ഥനയോടെ രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗ് ശ്രീ. ഷീജ കാഞ്ഞിരക്കാട്ടിന്റെ സ്വാഗതത്തോടെ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ വനിത സംഗമത്തിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ തയ്യാറാക്കി വന്ന വിഷയങ്ങൾ, ഇവ പൊതുചർച്ചയ്ക്ക് വയ്ക്കുകയും വ്യത്യസ്ത ആശയങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. ശ്രീ. മോളി കരിമ്പനാക്കുഴിയുടെ നന്ദിയോടെ യോഗം അവസാനിച്ചു. ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമവും രൂപതാ എക്സിക്യൂട്ടീവ് ജൂൺ 14 ന് 10 മണിക്ക്.

### ഇടിവണ്ണ ശാഖ

വലിയ നോമ്പിന്റെ ഭാഗമായി എല്ലാ അമ്മമാരും വി.കുർബാനയ്ക്ക് മുൻപായി ഓരോ തുക കാഴ്ചയായി അർപ്പിച്ചു. അങ്ങനെ 8380 രൂപ സമാഹരിച്ചു. 19 ന് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ യോഗം കൂടുകയുണ്ടായി. അമ്മമാർ സമാഹരിച്ച തുകയിൽ നിന്നും വിവാഹ സഹായത്തിനായി 2500 രൂപയും, ചികിത്സാ സഹായത്തിന് മൂന്ന് വ്യക്തികൾക്കായി 7500 രൂപയും ചിലവഴിച്ചു. രോഗീസന്ദർശനവും 19 ന് ദേവാലയ ശുചീകരണവും നടത്തി.

### നടവയൽ മേഖല

9 ന് നടവയൽ ബാലഭവനിൽ വെച്ച് ഡയറക്ടറിന്റെ നേതൃത്വത്തിൽ മേഖല എക്സിക്യൂട്ടീവ് ചേർന്നു. മെയ് 11 ന് കേണിച്ചിറയിൽ വെച്ച് മേഖലാ മത്സരങ്ങൾ നടത്തുവാനും അതോടൊപ്പം ലോഗോസിനൊരുക്കമായി ബൈബിൾക്വിസ് കൂടി നടത്തുവാനും തീരുമാനിച്ചു. കായികമത്സരങ്ങൾ ബഹു. ഡയറക്ടർ തോമസച്ചൻ ഉദ്ഘാടനം ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം മേഖലാ മീറ്റിംഗ് നടന്നു. മേഖലാ പ്രസിഡണ്ട് ഷീജ പാലാത്ത് അധ്യക്ഷയായിരുന്നു. ആനിമേറ്റർ

സി. ആഗ്നറ്റ് സന്നിഹിതയായിരുന്നു. കേണിച്ചിറ കോൺവെന്റിലെ സുപ്പീരിയർ സി. ടെസി മരിയ സമ്മാനദാനം നിർവ്വഹിച്ചു. ശ്രീ. ചിന്നമ്മ ഐസക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. മേഖലാ സെക്രട്ടറിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ ബഹു. ചാക്കോച്ചൻ വാഴക്കാലയുടെ നേതൃത്വത്തിൽ ആനിമേറ്റർ സി. ജോസ്നയുടെയും, പ്രസിഡന്റ് ശ്രീ. ലിസി മംഗലത്തിന്റെയും അദ്ധ്യക്ഷതയിൽ മീറ്റിംഗ് കൂടി. സെക്രട്ടറി എല്ലാവരെയും സ്വാഗതം ചെയ്തു. റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസാക്കി. കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദിക്ക് ആത്മീയ ഉണർവ്വ് നൽകിക്കൊണ്ടിരുന്ന വികാരിയച്ചന് അമ്മമാർ ആശംസയും നന്ദിയും അർപ്പിച്ചു സംസാരിച്ചു. തുടർന്ന് അച്ചൻ സന്ദേശം നൽകി. സമൂഹത്തിനും ഇടവകയ്ക്കും കുടുംബത്തിനും അമ്മമാരുടെ പ്രാർത്ഥന ഒരു സജീവശക്തിയാക്കണമെന്നു അച്ചൻ ഓർമ്മിപ്പിച്ചു. പുതിയ ഇടവകയിൽ അജപാലന രംഗങ്ങളിലെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. മാതൃവേദിയുടെ പുതിയ സാരഥിയായ ബഹു. സജി കൊച്ചുപാറയച്ചന് ഹൃദ്യമായ സ്വാഗതം.

**അരിഞ്ചേർമല ശാഖ**

നടവയൽ മേഖലയിൽ പുതുതായി ആരംഭിച്ച അരിഞ്ചേർമല ശാഖയ്ക്ക് നന്മയും അനുഗ്രഹവും മാതൃസംഘടന കൂട്ടായ്മയിലേയ്ക്ക് സ്വാഗതവും.

ആനിമേറ്റർ - സി. ജിൻസി, പ്രസിഡണ്ട് - ജിസ്സി പാലയ്ക്കലോടി, വൈസ്.പ്രസിഡണ്ട് - ഷോണിത തോട്ടത്തിൽ, സെക്രട്ടറി - ജോൽസ്ന വാഴകാട്ട്, ജോ.സെക്രട്ടറി - ലീലാമ്മ വയലിൽ, ട്രഷറർ - അന്നക്കുട്ടി സ്രാമ്പിക്കൽ

**മരിയൻ സിംഗിൾസ്**

12 ന് ഡയറ്ടറിന്റെയും സി.മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 14 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 21-ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2011 മെയ് 6 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി 49 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ സമ്മേളിച്ചു. 9.45 ന് ദിവ്യകാരുണ്യനാഥനെ ആരാധനയ്ക്കായി അൾത്താരയിൽ പ്രതിഷ്ഠിച്ചു. ജപമാല ശ്രീ. ജോസ് നെല്ലിനിൽക്കുംതടവും, ആരാധന ശ്രീ പൈലി തുറപ്പാടും നയിച്ചു. 11.30 ന് ശ്രീ. ജോൺ മാസ്റ്റർ പാലയ്ക്കൽ പുത്തൻപുരയിൽ വചനം പങ്കുവച്ച് ക്ലാസ്സെടുത്തു. മത്തായി 25: 35-46 ഉദ്ധരിച്ചുകൊണ്ട് നിത്യരക്ഷയുടെ മാനദണ്ഡം ജീവകാരുണ്യപ്രവർത്തനങ്ങളാണ്. നമ്മെക്കാൾ പരിമിതികളോ കുറവുകളോ ഉള്ളവർ നമ്മെ സംബന്ധിച്ച് ചെറിവരാണ്. മനുഷ്യകേന്ദ്രീകൃതമായ ആദ്ധ്യാത്മികതയാണ് ആവശ്യം. ദൈവസ്നേഹകേന്ദ്രീകൃതമായ പരസ്നേഹപ്രവർത്തനമാണ് ആവശ്യം. ബഹു. ജോൺ സാർ വിശദമാക്കി. 12 മണിക്ക് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി.ബലി അർപ്പിച്ച് വചനസന്ദേശം നൽകി. വി. ബലിക്കുശേഷം അറിയിപ്പുകൾ നൽകി. ടീം ധ്യാനം പുതുപ്പാടി ജൂബിലി ധ്യാനകേന്ദ്രത്തിൽ മെയ് 15 മുതൽ 20 വരെ നടക്കുമെന്നും സിയോൻ ശുശ്രൂഷകർ എല്ലാവരും പങ്കെടുക്കണമെന്നും ഈ മൂന്നാംവെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന ഉണ്ടായിരിക്കുന്നതല്ല എന്നും അറിയിച്ചു. സർവ്വീസ് ടീം മീറ്റിംഗിനുശേഷം എൽഡറിംഗിനും പാസ്റ്ററിംഗിനുമായി സമയം വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 ജപമാല 7 pm ന് ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. അത്താഴം, കുരിശിന്റെ വഴി ഇവയ്ക്കുശേഷം 9.15 ന് ആരാധന ആരംഭിച്ചു. ബഹു. പാറയിൽ

അച്ചനും തുടർന്ന് ബഹു. മനോജ് കാക്കോനാൽ അച്ചനും ആരാധന 11 മണി വരെ നയിച്ചു. അവസാന മണിക്കൂറിൽ സിയോൻ ടീം ആരാധന നയിച്ചു. കർത്താവിന്റെ അഭിഷേകത്തിനായി പ്രാർത്ഥിച്ചു. സന്ദേശങ്ങൾ സ്വീകരിച്ചു. 12 മണിയ്ക്ക് ജാഗരണ പ്രാർത്ഥന അവസാനിപ്പിച്ച് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ 7-5-11**

6 am ന് മാതൃസവിധമണഞ്ഞ ശുശ്രൂഷകർ സിയോനു ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചന സന്ദേശം തന്ന് വി.ജലം തളിച്ച് വിശുദ്ധീകരിച്ച് ശുശ്രൂഷകൾക്കായി ശുശ്രൂഷകരെ സജ്ജരാക്കി. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.30 ന് സ്റ്റേജിലെ പ്രോഗ്രാമുകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന എന്നിവ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 11-12 വരെ വചനം പങ്കുവെച്ച് ക്ലാസ്സെടുത്തത് മക്കിയാട് ശാന്തിനികേതൻ ധ്യാനകേന്ദ്രത്തിലെ ശ്രീ. അന്തപ്പൻ ചേട്ടനാണ്. 12 മണിക്ക് വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകിയത് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചനാണ്. ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. സൗഖ്യപ്രാർത്ഥനയും ആരാധനയും ബഹു. പാറയിൽ അച്ചനും ശ്രീ. ചാക്കോച്ചൻ പുത്തൻപുരയും മ്യൂസിക് ടീമും ചേർന്ന് നയിച്ചു. ഏകദിന കൺവെൻഷന്റെ വിജയത്തിനായി സിയോൻ ശുശ്രൂഷകർ പ്രാർത്ഥനാപൂർവ്വം അർപ്പണബോധത്തോടെ അധ്വാനിച്ചു. ദിവ്യകാരുണ്യനാഥൻ അനുഗ്രഹമാരി ചൊരിഞ്ഞ് പ്രദക്ഷിണമായി മക്കളുടെ മദ്ധ്യത്തിലൂടെ എഴുന്നള്ളി. മക്കൾക്കായി ലഭിച്ച സന്ദേശങ്ങൾ ബഹു. പാറയിൽ അച്ചൻ അറിയിച്ചു. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി.

**രണ്ടാംശനി - ദമ്പതികൂട്ടായ്മ**

30 ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. ക്ലാസ്സ് എടുത്തത് സിയോൻ ടീമിലെ കൗൺസിലർ ശ്രീ. ടോമി മലയിൽ ആണ്. വി. ബലി അർപ്പിച്ച് ബഹു. ജോസഫ് നന്തിക്കാട്ട് അച്ചൻ പ്രാർത്ഥിച്ചു. ജപമാല, ഷെയറിംഗ്, ആരാധന, കുമ്പസാരം എന്നീ പതിവു ശുശ്രൂഷകൾ ഉണ്ടായിരുന്നു.

**ധ്യാനങ്ങൾ**

**ക്രിസ്റ്റീൻ ധ്യാനം**

മെയ് 12-14 തീയതികളിൽ 190 ക്രിസ്റ്റീൻ മക്കൾ സിയോനിൽ വന്ന് ധ്യാനിച്ചു. ബഹു. ടോമി പുത്തൻപുര അച്ചൻ, ബഹു. പാറയിൽ

അച്ചൻ, ബഹു. മനോജ് കാക്കോനാൽ അച്ചൻ, സിയോൻ ജീസസ് യൂത്ത് ടീം എന്നിവർ ധ്യാനം നയിച്ചു. കുട്ടികൾക്ക് കൗൺസിലിംഗ് നടത്തിയത് സിയോനിലെ കൗൺസിലേഴ്സാണ്. ധ്യാനം ദൈവാനുഭവം നിറഞ്ഞതും ജീവിതപരിവർത്തനത്തിന് സഹായകവുമായിരുന്നു.

**സിയോൻ ടീം ധ്യാനം**

സിയോനിലെ 110 ശുശ്രൂഷകർ പുതുപ്പാടി ജൂബിലി ധ്യാനകേന്ദ്രത്തിൽ തങ്ങളുടെ വാർഷിക ധ്യാനം നടത്തി. ധ്യാനം നയിച്ചത് ജൂബിലി ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ആന്റോ കണ്ണമ്പുഴ അച്ചനാണ്. ടീം ധ്യാനം വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

**സിയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| 3 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ, കൗൺസിലിംഗ്, ക്രിസ്റ്റീൻ കൺവെൻഷൻ |
| 11 രണ്ടാംശനി | - | യുവജനദിനം, ദമ്പതീ കൂട്ടായ്മ, പൊതുകൗൺസിലിംഗ് |
| 17 മൂന്നാം വെള്ളി | - | സൗഖ്യദിനം, ജാഗരണ പ്രാർത്ഥന |
| 24 നാലാം വെള്ളി | - | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

**ആദരാഞ്ജലികൾ**

കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി സിയോൻ ശുശ്രൂഷകളിൽ നിറസാന്നിധ്യമായിരുന്ന ശ്രീ. ഔസേപ്പച്ചൻ വള്ളിക്കാവുങ്കലിന്റെ ദേഹവിയോഗത്തിൽ (15-5-2011) കുടുംബാംഗങ്ങൾ എല്ലാവരേയും സിയോൻ കുടുംബാംഗങ്ങളുടെ എല്ലാവരുടെയും അനുശോചനം അറിയിക്കുകയും പരേതനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

ജൂൺമാസം ഈശോയുടെ തിരുഹൃദയവണക്കത്തിനായി മാറ്റി വെച്ചിട്ടുള്ള മാസമാണല്ലോ. ഈശോയുടെ തിരുഹൃദയഭക്തിയിൽ നിറഞ്ഞ് ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതരാകാൻ നമുക്കു ശ്രമിക്കാം. പുതിയ അധ്യയനവർഷം ആരംഭിക്കുന്ന ഈ അവസരത്തിൽ ഓരോ കോൺഫ്രൻസും അവരുടെ ഇടവകയിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എത്തിച്ചുകൊടുക്കുവാൻ ശ്രദ്ധിക്കണം. ഇപ്പോൾ ആസ്ട്രേലിയൻ ട്വിന്നിംഗ് ലഭിച്ച കോൺഫ്രൻസുകൾ, പ്രത്യേകിച്ച് സ്പെഷ്യൽ ഗ്രാന്റ് ലഭിച്ചവർ മുഴുവൻ തുകയും വിദ്യാഭ്യാസ സഹായമായി നൽകുകയും, സഹായങ്ങൾ നൽകിയതിന്റെ വിശദവിവരങ്ങൾ ട്വിന്നിംഗ് രാജ്യത്തെ കത്തുകളിലൂടെ അറിയിക്കുകയും വേണം.

**ഓസ്സാനാംഭവൻ വിപുലീകരണം സുപ്രധാനമായ കാൽവെയ്പ്പ്**

മാനന്തവാടി രൂപതാ വിൻസെന്റ് ഡിപോളിന്റെ അഭിമാന പ്രോജക്ട് ആയ നടവയൽ ഓസ്സാനാംഭവന്റെ വിപുലീകരണത്തിനുള്ള പച്ചക്കൊടി ഈ വർഷത്തെ ഓസ്സാനഭവൻ വാർഷിക ജനറൽബോഡി യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് 4-5-2011 ദ്വാരക പാസ്റ്ററൽ സെന്ററിൽ സി.സി. ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമനയുടെ അദ്ധ്യക്ഷതയിൽ നടന്ന സി.സി. യോഗത്തിൽ വച്ച് ഓസ്സാനാഭവനിൽ കൂടുതൽ അന്തേവാസികളെ ശുശ്രൂഷിക്കുവാനായി മന്ദിരം പണിയുവാൻ തീരുമാനിച്ചു. ഏകദേശം 30 ലക്ഷം രൂപയോളം ചെലവു വരുന്ന പ്രസ്തുത മന്ദിരം പണിയുവാൻ യേശുവിന്റെ കൃപാകടാക്ഷം ഉണ്ടെങ്കിൽ മാത്രമേ സാധിക്കൂ. അതിനുവേണ്ടി ഓരോ കോൺഫ്രൻസും പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്നും എല്ലാ

അംഗങ്ങളുടെയും പൂർണ്ണ സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥി ക്കുന്നു. മന്ദിരത്തിന്റെ നടത്തിപ്പിനുവേണ്ടി സി.സി. പ്രസിഡന്റ് അദ്ധ്യ ക്ഷനായി നിർമ്മാണ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

## സി.സി. വാർഷികം

മാനന്തവാടി രൂപത സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോളിന്റെ 33-മത് വാർഷികാഘോഷം മാർ ജോസ് പൊരുന്നേടം പിതാ വിന്റെ മഹനീയ സാന്നിധ്യത്തിൽ ദ്വാരക അൽഫോൻസ പള്ളിയിൽ വെച്ച് 17-05-11 ചൊവ്വാഴ്ച സമുചിതമായി ആഘോഷിച്ചു. റവ. ഫാ. ജോർജ്ജ് മേമനയുടെ പ്രാർത്ഥനയോടെ കൃത്യം 9.30 AM നു തന്നെ ചടങ്ങ് ആരംഭിച്ചു. തുടർന്ന് 'ജീവന്റെ സംരക്ഷണം വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലൂടെ' എന്ന വിഷയത്തിലൂന്നികൊണ്ട് ബ്രദർ ജോൺ സച്ചിദാനന്ദ ഭാരതി നടത്തിയ ക്ലാസ്സ് ഏറെ അറിവ് അംഗങ്ങളിൽ പ്രദാനം ചെയ്യുന്നതായിരുന്നു. മറ്റുള്ളവരെ സഹായിക്കാൻ ഉതകുന്ന തരത്തിൽ ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും തങ്ങളുടെ മന സ്സിനെ പാകപ്പെടുത്തണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. കൃത്യം 11.30 ന് ആരംഭിച്ച പൊതുയോഗത്തിൽ സി.സി. പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങൻ സംഘടനയുടെ അടിസ്ഥാനതത്വങ്ങൾ മുറുകെപ്പിടിക്കേണ്ട തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ഓസ്സാനാഭവന്റെ വിപുലീകരണ പ്രവർത്തനങ്ങളിൽ പ്രാർത്ഥനാ സഹായം ഉണ്ടാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സമ്മേളനത്തിൽ മാർ ജോസ് പൊരുന്നേടം ഒരു രക്ഷാധികാരി യുടെ ഉത്തരവാദിത്തം പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് നടത്തിയ ആത്മീയ സന്ദേശത്തിൽ ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും മൂല്യ ങ്ങൾ മുറുകെപ്പിടിക്കേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു. മൂല്യ ങ്ങളെ ജീവിതത്തിൽ പകർത്തിക്കാണിച്ച് ജീവിച്ച നമ്മുടെ രാഷ്ട്ര പിതാവിന്റെ ശൈലിയുമായി വിൻസെൻഷ്യൻ പ്രവർത്തനശൈലിയെ അദ്ദേഹം സാമ്യപ്പെടുത്തി. അത്തരത്തിലുള്ള മൂല്യങ്ങൾ ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും ആർജ്ജിച്ചാൽ മാത്രമേ സമൂഹ ത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയൂ. അടുക്കും ചിട്ട യോടുംകൂടി നടത്തിയ സമ്മേളനം ശ്ലാഘനീയമാണെന്ന് സൂചിപ്പിച്ച പിതാവിന്റെ വാക്കുകൾ ഞങ്ങൾക്ക് ആത്മവീര്യം പകരുന്നതായിരുന്നു. തുടർന്ന് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാന വിൻസെൻഷ്യൻ പ്രവർത്തകരെ ആത്മീയ സംതൃപ്തിയിലേക്ക് നയിച്ചു. സൊസൈറ്റിയുടെ സീനിയർ വൈസ്പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി ചടങ്ങിന് സ്വാഗതവും ബ്രദർ ജിൽസ് മേയ്ക്കൽ നന്ദിയും

പറഞ്ഞു. പിതാവിന് ആദ്യ കോപ്പി നൽകിക്കൊണ്ട് സെക്രട്ടറി ബ്രദർ അഗസ്റ്റ്യൻ കൊടിയംകുന്നേൽ അവതരിപ്പിച്ച റിപ്പോർട്ട് ഇതിനകം നിങ്ങളുടെ കൈകളിൽ എത്തിയിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന ചർച്ചയിൽ അംഗങ്ങൾ കുറവായിരുന്നെങ്കിലും വളരെ സജീവമായിരുന്നു. സാമൂഹ്യതിന്മകൾക്കെതിരെ വിൻസെന്റ് ഡി പോൾ പ്രവർത്തകർ ഉണരേണ്ടതിന്റെ ആവശ്യകത ദീപ്തിഗിരിയിൽ നിന്നുള്ള ചിറ്റൂപറമ്പിൽ ജോർജ്ജ് ചേട്ടൻ എടുത്തു പറഞ്ഞു. സമ്മേളനം കൃത്യം 3.00 pm ന് അവസാനിച്ചു.

## നന്ദിയുടെ ഒരുവാക്ക്

വാർഷികാഘോഷം വമ്പിച്ച വിജയമാക്കിത്തീർക്കാൻ പ്രയത്നിച്ച ഏവർക്കും നന്ദി അറിയിക്കുകയാണ്. മനോഹരമായ സമ്മേളന വേദിക്ക് ഇടം നൽകിയ ദ്വാരകയിലെ റവ. ഫാ. ജോയ് തുരുത്തേൽ, ദ്വാരകയിലെ സിസ്റ്റേഴ്സ്, ഭക്ഷണം പാകം ചെയ്യുന്നതിന് നേതൃത്വം നൽകിയ വർക്കി ചേട്ടൻ, കോൺഫ്രൻസ് അംഗങ്ങൾ, വിവിധ കോൺഫ്രൻസുകളിൽ നിന്നും എത്തിച്ചേർന്ന സംഘടനാ പ്രവർത്തകർ എ.സി., കോൺഫ്രൻസ് ആത്മീയോപദേഷ്ടാക്കൾ, ബോർഡംഗങ്ങൾ തുടങ്ങി എല്ലാവരേയും നന്ദി അറിയിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

## K.R.C.C സമ്മേളനം

14-5-11, 15-5-2011 തീയതികളിലായി എറണാകുളത്തുവെച്ച് കേരളാ റീജിയണൽ മീറ്റിംഗ് നടക്കുകയുണ്ടായി. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ, സെക്രട്ടറി ബ്രദർ ടി. എം. ഷാജൻ മാസ്റ്റർ, യുവപ്രതിനിധി ബ്ര. അനീഷ് എന്നിവർ പങ്കെടുക്കുകയുണ്ടായി. മാർ ബോസ്ക്കോ പുത്തൂർ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ വെച്ച് പുതിയ K.R.C.C പ്രസിഡന്റായി ബ്ര. ബേബി തെക്കൻ ചാർജ്ജ് ഏറ്റെടുത്തു. അതുപോലെ മുൻ കെ.ആർ. സി.സി കോ-ഓർഡിനേറ്റർ ആയ ബ്ര. കെ.എം. അഗസ്റ്റിൻ നാഷണൽ വൈസ് പ്രസിഡന്റായ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## കല്ലോടി എ.സി. ക്ക് പുതിയ ആത്മീയോപദേഷ്ടാവ്

കല്ലോടി എ.സി. യുടെ പുതിയ ആത്മീയോപദേഷ്ടാവായി ദീപ്തിഗിരി ഇടവക വികാരി റവ. ഫാ. മനോജ് കാക്കോനാലിനെ പിതാവ് മാർ ജോസ് പൊരുന്നേടം നിയമിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. 15-05-2011 ഞായറാഴ്ച 3 pm ന് നടന്ന എ.സി. യോഗ

ത്തിൽ ബ്രദർ സേവ്യർ ചിറ്റൂപറമ്പിൽ അച്ചന് പൂച്ചെണ്ട് നൽകി സ്വീകരിച്ചു.

**അറിയിപ്പുകൾ/ നിർദ്ദേശങ്ങൾ**

1. ഈ വർഷവും കഴിഞ്ഞ വർഷവും TTS സ്കോളർഷിപ്പ് ലഭിച്ച കുട്ടികളുടെ രണ്ടാംഗഡു, മൂന്നാംഗഡു സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷയും, പഠനം തുടരുന്നു എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റും ജൂൺ മാസം നടക്കുന്ന സി.സി. യോഗത്തിൽ കൊണ്ടുവരേണ്ടതാണ്.
2. രൂപതാ ബുള്ളറ്റിൻ ലഭിക്കാത്തവർ അവരുടെ പോസ്റ്റൽ അഡ്രസ്സ്, പിൻകോട് സഹിതം ഒരിക്കൽകൂടി സി.സി. ഓഫീസിൽ എഴുതി അറിയിക്കുക.
3. 30-6-2011 ന് അവസാനിക്കുന്ന വിദേശകണക്കിന്റെ ത്രൈമാസ റിപ്പോർട്ട് ജൂലൈ 5 ന് മുമ്പ് ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
4. കാലാവധി കഴിഞ്ഞ കോൺഫ്രൻസ്/ എ.സി. പ്രസിഡന്റുമാർ തെരഞ്ഞെടുപ്പ് മേൽ ഘടകത്തെ അറിയിച്ച് എത്രയും വേഗം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓസ്സാനാഭവൻ സന്ദർശനം**

മണിമൂളി എ.സി., നിലമ്പൂർ എ.സി. കളിലെ കോൺഫ്രൻസുകൾക്ക് ജൂൺ 15 മുതൽ ജൂലൈ 15 വരെ ദിവസങ്ങളിൽ ഏതെങ്കിലും ദിവസം തെരഞ്ഞെടുത്ത് ഓസ്സാനാഭവൻ സന്ദർശിക്കാവുന്നതാണ്. ഈ എ.സി. കളിലെ കോൺഫ്രൻസുകൾക്ക് സന്ദർശന ചാർട്ട് ഇടുന്നില്ല. പ്രസ്തുത കോൺഫ്രൻസുകൾക്ക് ദൂരം കൂടുതലായതുകൊണ്ടാണ് ഇത്തരത്തിലൊരു സൗകര്യം ഒരുക്കുന്നത്.

ഏവർക്കും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്,

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

**ഏപ്രിൽ**

2011 ഏപ്രിൽ 3 ന് വൈത്തിരി സബ് ജയിൽ സന്ദർശിച്ചത് മാനന്തവാടിയിൽ നിന്നും ബഹു. റസ്സൽ ഇമ്മാനുവൽ അച്ചന്റെ നേതൃത്വത്തിലുള്ള സുവിശേഷമുന്നണി പ്രവർത്തകരാണ്. കൂടികാഴ്ചയും സന്ദേശവുമടങ്ങിയ അവരുടെ സന്ദർശനം തടവറ മക്കൾക്ക് ആശ്വാസമായി. അവർക്ക് പ്രത്യേകം നന്ദി... ഏപ്രിൽ 17 ന് കല്പ്പറ്റ മേഖല മിഷൻലീഗ് അംഗങ്ങളാണ് ജയിൽ സന്ദർശനത്തിന് വന്നത്. പ്രാർത്ഥനയും കലാപരിപാടികളും കൂടിച്ചേർന്ന വിസ്മയ കലാവിരുന്ന് തടവറ മക്കൾക്ക് സന്തോഷം നൽകി. ചാരിറ്റി, ഒലിവുമല മിഷൻലീഗ് അംഗങ്ങളുടെ കലാവിരുന്നാണ് ആകർഷകമായത്. ഇതിന് നേതൃത്വം കൊടുത്ത ബഹു. ജെയിംസ് മാങ്കോട്ടിലച്ചനും ബഹു. റോണി തോട്ടത്തിലച്ചനും CML കല്പ്പറ്റ മേഖല ഭാരവാഹികൾക്കും ചാരിറ്റി, വൈത്തിരി SH സിസ്റ്റേഴ്സിനും പങ്കെടുത്ത എല്ലാവർക്കും രൂപതാ ജീസസ് ഫ്രട്ടേണിറ്റിയുടെ നന്ദി...

**മെയ്**

2011 മെയ് മാസം 15-ാം തീയതി ജയിൽ സന്ദർശനത്തിന് വൈത്തിരി സബ്ജയിലിൽ വന്നത് മാനന്തവാടി രൂപതാ മിഷൻലീഗ് ഭാരവാഹികളാണ്. കല്പ്പറ്റ ഫൊറോനയിലെ വിവിധ ശാഖകളിൽ നിന്നുള്ള കുഞ്ഞുമിഷനറിമാരും ജയിൽ സന്ദർശനത്തിൽ പങ്കെടുത്തു. വിവിധവും ആകർഷകവും പ്രചോദനാത്മകവുമായ കലാപരിപാടികളുടെ അകമ്പടി സന്ദർശനത്തിന് മിഴിവേകി. ജീസസ് ഫ്രട്ടേണിറ്റിയുടെ സ്നേഹസാന്നിധ്യം തടവറ മക്കൾക്ക് എപ്പോഴും പ്രോത്സാഹനമാണ്. പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടികളെ ശ്രദ്ധയോടെ ആദ്യം മുതൽ അവസാനം വരെ വീക്ഷിച്ച് പ്രോത്സാഹിപ്പിക്കുകയാണ് അവർ ചെയ്തത്. ഈ പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ രൂപതാ ഭാരവാഹികൾക്കും ബഹു. സിസ്റ്റേഴ്സിനും രൂപതാ മിഷൻലീഗിന്റെ സാരഥ്യം ഏറ്റെടുത്ത ബഹു. സോണി വടയാപറമ്പിലച്ചനും കുഞ്ഞുമിഷനറിമാർക്കും ഒരായിരം നന്ദി...

**ഫാ. ബിനു പൈനുങ്കൽ**

# സാമൂഹ്യ സേവനരംഗം (WSSS)

## SWS നേതൃത്വ സംഗമം

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഭാരവാഹികൾക്കു വേണ്ടി നേതൃത്വസംഗമം 14-04-2011 വ്യാഴാഴ്ച WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ നേതൃത്വ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റികളെ കാലാനുസൃതമായി ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ SWOT അനാലിസിസ് നടത്തി. WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. പി.എ. ജോസ്, SWS കോ-ഓഡിനേറ്റർ ശ്രീ. എബി തോമസ്, റീജണൽ കോ-ഓഡിനേറ്റഴ്സ്മാരായ ശ്രീ. ജോൺസൺ.പി.വി., ശ്രീമതി ഷീന ആന്റണി, ശ്രീമതി വത്സ ചാക്കോ എന്നിവർ നേതൃത്വം നൽകി.

## കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ഓർഗനൈസേഴ്സ് (CDO) പരിശീലനം

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ CDO മാർക്കായി ഏകദിന പരിശീലനം ഏപ്രിൽ 26 ചൊവ്വാഴ്ച WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, സ്വയം സഹായ സംഘങ്ങൾ (SRG) എന്നിവയുടെ അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് എന്ന വിഷയത്തിൽ WSSS അക്കൗണ്ടന്റ് ശ്രീ. ഷിജു ജോസ് പരിശീലനം നൽകി. തുടർന്ന് കേരളാ ലേബർ മൂവ്മെന്റിന്റെ പുതിയ ക്ഷേമനിധിയായ തയ്യൽ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് KLM സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സെടുത്തു.

## ഫാം വയനാട്

കാർഷികമേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഫാം വയനാട് പദ്ധതിയുടെ ഭാഗമായി കാർഷിക സെമിനാറുകൾ, സാന്ത്വന സൗഹൃദ സന്ദർശനം, മൈക്രോപ്ലാൻ തയ്യാറാക്കൽ, കർഷക ഭവന സന്ദർശനം എന്നിവ നടത്തി. കോട്ടത്തറ, തിരുനെല്ലി, എടവക ഗ്രാമപഞ്ചായത്തുകളിൽ ജൈവകൃഷിയുടെ പ്രായോഗിക പാഠങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. 148 കർഷകർ പങ്കെടുത്തു. 44 കുടുംബങ്ങളിൽ സാന്ത്വന സൗഹൃദ സന്ദർശനം നടത്തുകയും ആത്മഹത്യാപ്രതിരോധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തു. ജൈവകർഷകരുടെ ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിക്കുകയും ജൈവനിർമ്മാണത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. തൃശിലേരി, പുതിയിടംകുന്ന് ഇടവകകളിൽ ജൈവകർഷകഗ്രൂപ്പും സോഷ്യൽ വെൽഫയർ സൊസൈറ്റിയും രൂപീകരിക്കുന്നതിന് മുന്നോടിയായുള്ള പ്രാരംഭസെമിനാർ നടത്തുകയും താൽക്കാലിക കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിൽ (NLP) ഫാം പ്രോജക്ടിന്റെ മൂന്ന് പ്രവർത്തകരും പങ്കെടുത്തു.

## സമഗ്ര ആദിവാസി വികസന പദ്ധതി

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സഹായത്തോടെ നടന്നുവരുന്ന ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി 16 സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുകയും അമ്പത്തിരണ്ടായിരത്തി നാനൂറ്റി അമ്പത് രൂപ സമ്പാദ്യമായി നിക്ഷേപിക്കുകയും ചെയ്തു. കുരുമുളകിന്റെയും കാപ്പിയുടെയും നേഴ്സറിയുടെ പുനർനിർമ്മാണം പൂർത്തിയാക്കി. ചേന, കാച്ചിൽ, ചേമ്പ് എന്നീ കിഴങ്ങുവർഗ്ഗങ്ങൾ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ കൃഷി ചെയ്തു. സാക്ഷരതാ ക്ലാസ്സുകളും, തുല്യതാ ക്ലാസ്സുകളും, ബോധവൽക്കരണ സെമിനാറുകളും നടന്നുവരുന്നു. ഓരോ കൃഷിഭൂമിയിലും സർവ്വേ നടത്തി ആവശ്യമായ നടീൽ വസ്തുക്കളുടെ കണക്കെടുത്തു. പ്രാഥമിക ആരോഗ്യമേഖലയിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാൻ പദ്ധതിക്കു സാധിച്ചു. കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുവാൻ ശ്രീ. ബെന്നി നമ്പുശ്ശേരിയെ നിയമിച്ചു. സാമൂഹ്യ സംഘടന പ്രവർത്തനങ്ങൾക്കായി ശ്രീ. ബൈജു ഐസക്കിനെയും നിയമിച്ചു.

### ആക്ഷൻ റിസേർച്ച്

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ പനമരം ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന ഗവേഷണം തൃപ്തികരമായി പുരോഗമിക്കുന്നു. സമ്പൂർണ്ണ സർവ്വേ നടത്തുന്നതിനുള്ള ചോദ്യാവലിയുടെ പ്രീടെസ്റ്റ് പൂർത്തിയാക്കി. സർവ്വേ നടത്തുന്നവർക്കുള്ള പരിശീലനവും നടത്തി. ശ്രീ. വർഗ്ഗീസ്. ടി. എ (കൺസൾട്ടന്റ്), ഒ. പി. അബ്രാഹം, ജോസ് പി. എ. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെയും, ശ്രീ. ടി. എ. വർഗ്ഗീസിന്റെയും നേതൃത്വത്തിൽ ആദിവാസിഗ്രാമം സന്ദർശിക്കുകയും കർണ്ണാടകത്തിലേക്ക് കുടിയേറ്റം നടത്തിയ ആദിവാസികളെ കണ്ട് സംസാരിക്കുകയും ചെയ്തു.

### ജൈവ ഉത്പ്പന്നങ്ങൾ സംഭരിച്ചു തുടങ്ങി

ജൈവ സാക്ഷ്യപത്രം ലഭിച്ച കർഷകരിൽ നിന്നും ജൈവ ഉത്പ്പന്നങ്ങൾ സംഭരിച്ചു വരുന്നു. കർഷക ഗ്രാമങ്ങളിൽ നിന്നും 23000 kg കാപ്പിയും, 15000 kg കുരുമുളകുമാണ് പ്രധാനമായും ശേഖരിച്ചത്.

### ജൈവകൃഷിയിട പരിശോധന

ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന ജൈവകർഷകരുടെ കൃഷിയിടങ്ങളിൽ ആന്തരിക നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ആന്തരിക പരിശോധന (Internal Inspection) ആരംഭിച്ചു.

### ജൈവകൃഷി സർട്ടിഫിക്കേഷന് പുതിയ സോഫ്റ്റ്‌വേർ

ജൈവ സാക്ഷ്യപത്ര ലഭ്യതയുടെ കീഴിലുള്ള മുഴുവൻ കർഷകരുടെയും വിവരങ്ങൾ പുതിയ സോഫ്റ്റ്‌വേറിൽ ഉൾകൊള്ളിക്കുന്നതിന് തീരുമാനിക്കുകയും, അതിനായി കർഷകരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാൻ തുടങ്ങുകയും ചെയ്തു.

### നീർത്തട വികസന ഗ്രാമസഭ

നബാർഡിന്റെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന നീർത്തട വികസന പദ്ധതികൾ രണ്ടാം ഘട്ടത്തിലേക്ക്. രണ്ടാം ഘട്ടത്തിൽ നീർത്തട സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണം സമയ

ബന്ധിതമായും സുതാര്യവുമായി നടപ്പിൽ വരുത്തുന്നതിനുംവേണ്ടി നീർത്തട വികസന സമിതിയുടേയും തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ അയനിവയൽ, മട്ടിലയം, പൊർളോം എന്നീ നീർത്തടങ്ങളിൽ യഥാക്രമം ഏപ്രിൽ 27, 28, 30 തീയതികളിൽ നീർത്തടഗ്രാമസഭ നടത്തി.

അയനിവയൽ നീർത്തട ഗ്രാമസഭ മക്കിയാട് സെന്റ് ബെനഡിക്റ്റ് ആശ്രമ ഓഡിറ്റോറിയത്തിൽ വച്ച് ഏപ്രിൽ 27-ാം തീയതി തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീത ബാബു ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. അയനിവയൽ നീർത്തട വികസന സമിതി സെക്രട്ടറി ശ്രീ. എ. എസ്. ബെന്നി റിപ്പോർട്ട് അവതരിപ്പിച്ചു. WSSS ജനറൽ കോ-ഓഡിനേറ്റർ കെ.ഒ. ജോയി സ്വാഗതവും, അയനിവയൽ നീർത്തടം വികസന സമിതി പ്രസിഡന്റ് ശ്രീ. പി. സി. വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി.

മട്ടിലയം ഗ്രാമസഭ ഏപ്രിൽ 28-ാം തീയതി കുഞ്ഞോം എ.യു. പി. സ്കൂളിൽ വെച്ച് നടത്തി. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗീത ബാബു ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിക്കുകയും തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി റംല ജമാൽ, നീർത്തട വികസന സമിതി ട്രഷറർ ശ്രീ. പി. ശിവൻ മാസ്റ്റർ, 10-ാം വാർഡ് മെമ്പർ ശ്രീമതി ഗ്രേസി മത്തായി എന്നിവർ ആശംസകൾ അർപ്പിച്ചു. റിപ്പോർട്ട് നീർത്തട വികസന സമിതി സെക്രട്ടറി ശ്രീ. സതീഷ് ബാബു അവതരിപ്പിച്ചു. പദ്ധതി വിശദീകരണം WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. കെ. ഒ. ജോയി സ്വാഗതവും, മട്ടിലയം നീർത്തട വികസന സമിതി പ്രസിഡന്റ് പി. വെള്ളൻ നന്ദിയും പറഞ്ഞു.

പൊർളോം നീർത്തട ഗ്രാമസഭ ഏപ്രിൽ 30 -ാം തീയതി പൊർളോം സാംസ്കാരിക നിലയത്തിൽ വെച്ച് ചേർന്നു. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ വികസന സ്റ്റാൻസിംഗ് കമ്മറ്റി ചെയർമാൻ ശ്രീമതി ആയിഷ ഗ്രാമസഭ ഉദ്ഘാടനം ചെയ്തു. പൊർളോം നീർത്തട വികസന സമിതി പ്രസിഡന്റ് ശ്രീ. ബെന്നി

നമ്പുശ്ശേരി അദ്ധ്യക്ഷത വഹിക്കുകയും സെക്രട്ടറി അനിൽ കുമാർ കാര്യ ശേഷി നിർവ്വഹണ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. WSSS ജനറൽ കോ-ഓഡിനേറ്റർ പദ്ധതി വിശദീകരണം നടത്തി. പ്രോഗ്രാം കോ-ഓഡിനേറ്റർ കെ.ഒ. ജോയി സ്വാഗതവും, പൊർളോം നീർത്തട വികസന സമിതി ഖജാൻജി സജി ശങ്കർ നന്ദിയും രേഖപ്പെടുത്തി.

**ബയോഗ്യാസ് നിർമ്മാണ പദ്ധതി**

2011 ഏപ്രിൽ മാസം പുതുശ്ശേരിക്കടവ്, പടിഞ്ഞാറത്തറ, ചുള്ളിയാന, പാലിയാന, നടവയൽ എന്നീ സ്ഥലങ്ങളിൽ 12 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 9 പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## Mary Matha arts & science college

**Tidings from Mary Matha Arts & Science College:**

1. The Patron, Rt. Rev. Dr. Jose Porunnedom addressed the Regular Staff of the College along with the outgoing Manager, Rev. Fr. Robin Vadakkancheril and the Manager designate, Rev. Msgr Mathew Madappallikkunnel, on 29 April and exhorted the academic fraternity to harness all its resources and dedicate the same for the welfare of the College. The College community thanked Rev. Fr. Robin for his services as Manager for the past three years and welcomed Rev. Msgr Mahew as the new Manager. He assumed Office on the 15 May.

2. Principal, Raju George Coordinated the Annual Conference of the Council of Principals of Colleges in Kerala @ Hotel Woodlands, Kalpetta on 30 April and 01 May. He was assisted by Sri. Bibin Thomas, Asst Prof. of Computer Science, Sri David Thomas, Faculty in Journalism, Dr. Aneesh E.M. Faculty in Zoology, and Sri. George Baby, Administrative Staff. Dr. Raju George is elected the State Level *Liaison Officer* of the Council of Principals of Colleges in Kerala.

3. The Principal represented the College in the Annual General Body of the all Kerala Management Association @ St. Tereasa's College, Ernakulam on 21 May. The Association has decided to

hold an orientation for new managers & principals on 16 July to familiarize them with the Direct Payment Agreement with the State Govt. established in 1972.

4. Sri. Benison Challenger is inducted to the Administrative staff as *Technical Assistant* in the Dept. of Computer Science. The State Govt has sanctioned one more post of Asst Prof in English.

5. Rev. Fr. Jose Chettiyasserriyil is inducted into service as Guest Faculty in Journalism.

6. Univ. Exams are getting over and the regular classes of the Senior Students will commence on Monday, 06 June.

7. The applications for the I year Degree Program is being distributed and the Deadline for submitting the filled up applications is 25 May. Those who wish to apply for the Community & Management Quota should apply in an additional form and submit the same to the College Office on time

**Dr. Raju George**
Principal



# അറിയിപ്പുകൾ

## 1) എസ്.എച്ച്. ലീഗ് - ബുക്ക് ഫെസ്റ്റ് 2011

ജൂൺ 15 മുതൽ ജൂലൈ 15 വരെ. പ്രവർത്തന സമയം 9 a.m. മുതൽ 3.30 p.m. വരെ. സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ, ആലുവ 683 102, ഫോൺ: 0484-2606745, 2606746, ഫാക്സ് - 0484-2604729, E-mail: mshleague@gmail.com

വമ്പിച്ച ആദായവില്പന- 10% മുതൽ 50% വരെ റിഡക്ഷൻ

- ഇന്ത്യയിലെ പ്രധാന ക്രൈസ്തവ പ്രസാധകരുടെ പുസ്തകങ്ങൾ
- ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

ക്രൈസ്തവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന പുസ്തകങ്ങളുടെ പ്രസാധനം വഴി കേരളീയ മനസ്സുകളിൽ സ്ഥാനം പിടിച്ച എസ്.എച്ച്. ലീഗിലേയ്ക്ക് ഏവർക്കും സ്വാഗതം.

## 2) പാദ്രോപിയോ ആശ്രമം

പനമരം പാദ്രോപിയോ കപ്പൂച്ചിൻ ആശ്രമത്തിൽ ഏതാനും ദിവസങ്ങൾ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വിശ്രമത്തിനുമൊക്കെയായി ചിലവഴിക്കാനാഗ്രഹിക്കുന്ന ബഹു. വൈദീകരെയും സഹോദരന്മാരേയും സ്വാഗതം ചെയ്യുന്നു. മുൻകൂട്ടി അറിയിച്ച് സൗകര്യം ഉറപ്പാക്കുമല്ലോ.

**ഫാ. കുര്യൻ ചിറപ്പുറത്ത്**
സുപ്പീരിയർ, പാദ്രോപിയോ ആശ്രമം
Ph: 04935-222414, Mob: 9447381997

## 3) പ്രേഷിതസഹകാരികൾ – Santhome Fellowship

സീറോ മലബാർ സഭയുടെ പ്രേഷിതമുന്നണിയായ സെന്റ് തോമസ് മിഷനറി സൊസൈറ്റി (MST), പ്രേഷിതാഭിമുഖ്യമുള്ള എല്ലാ സീറോമലബാർ വിശ്വാസികൾക്കും പ്രേഷിതസഹകാരികളായി (Missionary Associates) സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ പങ്കാളികളാകുവാൻ അവസരമൊരുക്കുന്നു. സീറോമലബാർ സഭ ആചരിക്കുവാൻ പോകുന്ന പ്രേഷിത വർഷത്തിന്റെ പശ്ചാത്തലത്തിൽ, പങ്കാളിത്തവും കൂട്ടുത്തരവാദിത്വവുമുള്ള ഒരു മിഷനറി സമൂഹത്തെയും, പ്രേഷിത പ്രവർത്തനശൈലിയെയും സഭയിൽ രൂപപ്പെടുത്തുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. വിശ്വാസത്തിൽ തീക്ഷ്ണതയും മാതൃകാപരമായ ജീവിതവും നയിക്കുന്ന ആർക്കും അവരവരുടെ ജീവിത സാഹചര്യത്തിനനുസരിച്ച് MST യോട് ചേർന്നു നിന്ന് സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. മിഷനുവേണ്ടിയുള്ള അനുദിന പ്രാർത്ഥന, മിഷനറി ദൈവവിളികളുടെ പ്രോത്സാഹനം, മിഷൻ സന്ദർശനം, മിഷൻ പ്രവർത്തനങ്ങളിൽ നേരിട്ടുള്ള പങ്കുചേരൽ, മിഷനുവേണ്ടിയുള്ള സാമ്പത്തിക സഹായം എന്നിങ്ങനെ ഏതു രീതിയിലും മിഷനറിസഹകാരികൾക്ക് പ്രേഷിതപ്രവർത്തനത്തിൽ പങ്കുകാരാകാം. ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ MST Generalate- മായി ബന്ധപ്പെടുക.

Co-ordinator, Missionary Associates
MST Generalate, Deepti Bhavan
Melampara - 686 594, Bharananganam, Kottayam DT
Mobile : 9495992501,Email: mstassociates@gmail.com

## 4. Cosmo Pilgrimage - ന്റെ യൂറോപ്പ് യാത്ര

വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദ്, പാരീസ് സിറ്റി, മിലാൻ, പാദുവ, അസ്സീസ്സി, വത്തിക്കാൻസിറ്റി, റോം തുടങ്ങിയ പുണ്യസ്ഥലങ്ങളിലേയ്ക്ക് 2011 ഒക്ടോബർ മാസത്തിൽ തീർത്ഥാടനം പുറപ്പെടുന്നു. താത്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

Fr. Vincent Pudussery
St.Antony's Church
Pazhoor, Cheeral P.O, Wayanad 673 595
Phone: 04936-262741, Mobile: 09388431601
E-mail: vincentpudussery@gmail.com
website: www.cosmopilgrimage.com



# Programme

## PASTORAL CENTRE, DWARAKA

### *June - 2011*

*03 F - Zion CRC : Night Vigil*
*04 S - Zion CRC : Prayer Day;*
*Christeen Prayer Day*
*04 S - 05 S - Catechism : Teachers' Training*
*05 S - KCYM : Secretariat / Syndicate*
*10 F - CML Executive & Team meeting*
*11 S - CML Roopatha Council;*
*Jesus Youth : Prayer Day*
*11 S - 12 S - Catechism : Teachers' Training*
*14 T - CMA Executive with Forane Directors*
*& Animators*
*17 F - 19 S - Catechism Teachers' Training*
*21 T - Marian Singles*
*24 F - 27 M - Marriage Preparation Course*
*25 S - 26 S - Catechism Teachers' Training*

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

*June 01 - August 02* *Abroad*